തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരണം

കേരള സർക്കാർ

LSGD
തദ്ദേശ
സ്വയംഭരണ
വകുപ്പ്

# തദ്ദേശകം

സെപ്റ്റംബർ 2025 പുസ്തകം 1 ലക്കം 8

## നഗരവികസനം

## ഇന്നലെ ഇന്ന് നാളെ




ഓണവിപണിയിൽ
മിന്നിത്തിളങ്ങി
കുടുംബശ്രീ
വിറ്റുവരവ്
40.44 കോടി
M.B.Rajesh
MINISTER FOR LSGD,EXCISE
& PARLIAMENTARY AFFAIRS

തദ്ദേശ സ്വയംഭരണ വകുപ്പ്
കേരള സർക്കാർ

# തദ്ദേശകം

സെപ്റ്റംബർ 2025 പുസ്തകം 1 ലക്കം 8

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

*ചെയർമാൻ*
**എം.ബി. രാജേഷ്**
തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി

*കൺവീനർ*
**ജെറോമിക് ജോർജ്ജ്** ഐ.എ.എസ്
പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ.

*അംഗങ്ങൾ*
**അപൂർവ്വ ത്രിപാഠി** ഐ.എ.എസ്
ഡയറക്ടർ, എൽ.എസ്.ജി.ഡി (റൂറൽ)
**സൂരജ് ഷാജി.** ഐ.എ.എസ്
ഡയറക്ടർ, എൽ.എസ്.ജി.ഡി (അർബൻ)
**എ. നിസാമുദ്ദീൻ.** ഐ.എ.എസ്
ഡയറക്ടർ, കില
**ഷിജി ഇ ചന്ദ്രൻ**
ചീഫ് ടൗൺ പ്ലാനർ
**സന്ദീപ്. കെ.ജി**
ചീഫ് എൻജിനീയർ
**എം.പി. അജിത്കുമാർ**
അഡീഷണൽ ഡയറക്ടർ
**കെ.എം. ഉഷ**
പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
**ബി.പി. മുരളി**
പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
**കെ.ജി. രാജേശ്വരി**
ചെയർപേഴ്സൺ, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ചേംബർ
**എം. കൃഷ്ണദാസ്**
ചെയർമാൻ, ചേംബർ ഓഫ് മുൻസിപ്പൽ ചെയർമാൻ
**അനിൽകുമാർ. എം**
പ്രസിഡന്റ്, മേയേർസ് കൗൺസിൽ സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

*എഡിറ്റർ*
**ദീപ. കെ.**
*ചീഫ് ഓഫീസർ,*
കമ്മ്യൂണിക്കേഷൻ & പബ്ലിക് റിലേഷൻസ്

*അസിസ്റ്റന്റ് എഡിറ്റർ*
**ദിനിൽ. ആർ**
സ്റ്റേറ്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ,

*കമ്മ്യൂണിക്കേഷൻ അസിസ്റ്റന്റ്*
**ഷിജു ഏലിയാസ്**

*സർക്കുലേഷൻ മാനേജർ*
**ജയപ്രകാശ്. കെ**
അസിസ്റ്റന്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ

*കവർ & ലേ-ഔട്ട്*
**ദീപക് മൗത്താട്ടിൽ**

*ഓഫീസ്*
കമ്മ്യൂണിക്കേഷൻ & പബ്ലിക് റിലേഷൻസ്
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്
കവടിയാർ. പി.ഒ. തിരുവനന്തപുരം-03
ഫോൺ- 0471 2317262

ribkerala@gmail.com
lsgdpr2024@gmail.com

## എഡിറ്റോറിയൽ

# നഗര കോൺക്ലേവും നഗരനയവും

നഗരവികസനത്തിന്റെ കേരളീയ ചിത്രം ഇന്ത്യയുടെ പൊതു സാഹചര്യത്തിൽ നിന്ന് വ്യത്യസ്തമാണ്. നഗരവും ഗ്രാമവും തമ്മിലുള്ള അന്തരം സംസ്ഥാനത്ത് താരതമ്യേന നേർത്തതാണ്. മികച്ച റോഡുകൾ പാലങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും സ്കൂളുകൾ, ആശുപത്രികൾ, കച്ചവട സ്ഥാപനങ്ങൾ എന്നിവയും കേരളത്തിലെ ഒട്ടു മിക്ക ഗ്രാമങ്ങളിലും കാണാം. കേരളത്തിലെ ജനസംഖ്യയുടെ 47.4 ശതമാനം നഗരവാസികളാണെന്ന് 2011 സെൻസസ് പറയുന്നു. ഇത് ദേശീയ ശരാശരിയേക്കാൾ വളരെ ഉയർന്നതാണ്. നഗരജനസംഖ്യയുടെ അനുപാതം അതിവേഗം വളരുന്നത് ദീർഘകാല കാഴ്ചപ്പാടോടെയുള്ള ശാസ്ത്രീയ നഗരാസൂത്രണത്തിന്റെയും നഗരനയത്തിന്റെയും പ്രാധാന്യം അടിവരയിടുന്നു.

ഒരു സമഗ്ര നഗരനയം നിർദ്ദേശിക്കുന്നതിന് നഗരനയകമ്മീഷൻ രൂപീകരിച്ചത് ഈ പശ്ചാത്തലത്തിലാണ്. വളർച്ച, ദാരിദ്ര്യനിർമ്മാർജ്ജനം, മാലിന്യപരിപാലനം, പാർപ്പിടസുരക്ഷിതത്വം, പാരിസ്ഥിതിക സുസ്ഥിരത, സാമൂഹിക ഉൾക്കൊള്ളൽ മുതലായവയ്ക്ക് ഊന്നൽ നൽകുന്ന റിപ്പോർട്ടാണ് കമ്മീഷൻ സർക്കാരിന് സമർപ്പിച്ചത്.

സെപ്റ്റംബർ 12,13 തീയതികളിൽ കൊച്ചിയിൽ നടന്ന നഗര കോൺക്ലേവ് സംസ്ഥാനത്തിന്റെ നഗരവികസന അനുഭവങ്ങൾ വിലയിരുത്തുന്നതിനും നഗരാസൂത്രണവും വികസനവും സംബന്ധിച്ച ആഗോള അനുഭവങ്ങൾ കേരളത്തിന്റെ സാഹചര്യത്തിൽ പരിശോധിക്കുന്നതിനും വിദഗ്ധർക്കും വികസന പ്രവർത്തകർക്കും അവസരം ഒരുക്കി. സംസ്ഥാന നഗരനയ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകളും, നഗരവികസനം സംബന്ധിച്ച വിദഗ്ധാഭിപ്രായങ്ങളും രാജ്യത്തും വിദേശത്തുമുള്ള വേറിട്ട അനുഭവങ്ങളും കോൺക്ലേവ് ചർച്ച ചെയ്തു. നഗരഭരണത്തിൽ വിവര സാങ്കേതികവിദ്യയുടെയും മാധ്യമങ്ങളുടെയും പങ്ക്, നഗരഭരണത്തിന്റെ വൈദഗ്ധ്യവൽക്കരണം, സിവിൽ സമൂഹ സംഘടനകൾ, പ്രാദേശിക സാമ്പത്തിക വികസന ചട്ടക്കൂട്, കെയർ-സെൻട്രിക് നഗരങ്ങൾ, കൂട്ടുത്തരവാദ തദ്ദേശഭരണം, ഡിജിറ്റൽ പ്ലാനിംഗും ഡിജിറ്റൽ ഭരണവും സംസ്ഥാന മിഷനുകളും പദ്ധതികളും - നഗര അടിസ്ഥാന സൗകര്യ വികസനത്തിന് ധനസമാഹരണം എന്നീ വിഷയങ്ങളിൽ പ്രത്യേക സെഷനുകൾ നടന്നു.

നഗരാസൂത്രണ വിദഗ്ധരും ഗവേഷകരും ജനപ്രതിനിധികളും ആഗോള തലത്തിൽ ശ്രദ്ധേയരായ വിദഗ്ധരും പങ്കെടുത്ത ഇത്തരമൊരു നഗരവികസന കോൺക്ലേവ് രാജ്യത്ത് ഇതാദ്യമാണ്. കോൺക്ലേവിൽ ഉയർന്ന കാതലായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും നഗരനയത്തിന്റെ ഭാഗമാകുന്നതോടെ രാജ്യത്തെ ഇതര സംസ്ഥാനങ്ങൾക്ക് അനുകരിക്കാവുന്ന ഒരു നഗരവികസന നയമീപനം കേരളത്തിന് സ്വന്തമാവുകയാണ്. ആരെയും അരികുവൽക്കരിക്കാത്ത, എല്ലാവർക്കും പരിഗണന നൽകുന്ന, ഭൂമിശാസ്ത്രപരവും സാംസ്കാരികവുമായ സവിശേഷതകൾ നിലനിർത്തുന്ന, പ്രാദേശിക സർക്കാരുകളുടെ തന്ത്രപരമായ പങ്ക് ഉയർത്തിപ്പിടിക്കുന്ന നഗരനയം നവകേരള കാഴ്ചപ്പാടിന്റെ ഭാഗമാകുന്നതിൽ എല്ലാ വികസന പ്രവർത്തകർക്കും അഭിമാനിക്കാം.

**ദീപ കെ.**
എഡിറ്റർ

തദ്ദേശ സ്വയംഭരണ വകുപ്പ്
കേരള സർക്കാർ
തദ്ദേശകം
ജൂൺ 2025 പുസ്തകം 1 ലക്കം 4

# ഉള്ളടക്കം






06
നഗരവികസനവും തദ്ദേശസ്വയംഭരണവും
സൂരജ് ഷാജി ഐ എ എസ്,  ഡയറക്ടർ (നഗരകാര്യം)

18
നഗര കോൺക്ലേവും   നഗരനയ സമീപനവും

28
സെഷനുകളിലൂടെ

38
തദ്ദേശവാർത്തകൾ



**സൂരജ് ഷാജി ഐ എ എസ്,**
ഡയറക്ടർ (നഗരകാര്യം)

# നഗരവികസനവും തദ്ദേശസ്വയംഭരണവും

കേരളത്തിലെ നഗരവൽക്കരണത്തിന്റെ ചിത്രം ഇന്ത്യയുടെ പൊതു സാഹചര്യത്തിൽ നിന്ന് വ്യത്യസ്തമാണ്. മുംബൈ, ഡെൽഹി, കൊൽക്കത്ത, ചെന്നൈ, ഹൈദരാബാദ്, സൂററ്റ്, അഹമ്മദാബാദ് എന്നിവ പോലുള്ള മഹാ നഗരങ്ങൾ കേരളത്തിൽ ഇല്ല. 2011 സെൻസസ് കണക്കുകൾ പരിശോധിച്ചാൽ, രാജ്യത്തെ ഏറ്റവും ജനസംഖ്യ കൂടിയ 25 മുനിസിപ്പൽ കോർപ്പറേഷനുകളിൽ കേരളത്തിലെ നഗര ഭരണ യൂണിറ്റുകൾ ഉൾപ്പെട്ടിട്ടില്ല. ഗ്രാമങ്ങൾ ചെറു നഗരങ്ങളായി അതിവേഗം വികസിച്ചും നഗരവുമായി കിടപിടിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ഗ്രാമങ്ങളിലേക്ക് വ്യാപിച്ചുമാണ് കേരളത്തിൽ നഗരവൽക്കരണം നടക്കുന്നത്. മികച്ച സ്കൂളുകൾ, ആശുപത്രികൾ, കച്ചവട സ്ഥാപനങ്ങൾ എന്നിവയും റോഡുകൾ പാലങ്ങൾ മുതലായ അടിസ്ഥാന സൗകര്യങ്ങളും കേരളത്തിലെ മിക്ക ഗ്രാമങ്ങളിലും കാണാം. ഇവിടെ നഗരങ്ങളും ഗ്രാമങ്ങളും വേർതിരിക്കാനാവാത്ത വിധം ഇടകലർന്ന് കിടക്കുന്നു. വൻനഗരങ്ങൾ സമീപ ഗ്രാമങ്ങളെ വിഴുങ്ങിക്കളയുന്നതാണ് മറ്റിടങ്ങളിലെ അനുഭവമെങ്കിൽ, കേരളത്തിൽ നഗരങ്ങൾ ഗ്രാമങ്ങളിലേക്ക് പടരുകയാണ് ചെയ്യുന്നത്.

കേരളത്തിലെ ജനസംഖ്യയുടെ ഏകദേശം 47.4 ശതമാനം പേർ നഗരവാസികളാണ്. ഇത് ദേശീയ ശരാശരിയേക്കാൾ (31.16%) വളരെ ഉയർന്നതാണ്. നഗരവൽക്കരണം ഉയർത്തുന്ന





വെല്ലുവിളികൾ കേരളത്തിൽ താരതമ്യേന രൂക്ഷമാണ്. ഇവിടെ നഗരഭരണത്തിന്റെ മുൻഗണനകൾ മാലിന്യസംസ്കരണം, കുടിവെള്ള വിതരണം, ഗതാഗതവും പാർക്കിങ്ങും എന്നിവയിൽ ഒതുങ്ങുന്നില്ല. നഗരപ്രദേശങ്ങളിൽ വെള്ളക്കെട്ടുകൾ രൂപപ്പെടുന്നത് തടഞ്ഞ് നീർവാർച്ച ഉറപ്പാക്കുന്നതു മുതൽ ആരോഗ്യ പരിരക്ഷയും വീടില്ലാത്തവർക്ക് വീടും വരുമാനമില്ലാത്തവർക്ക് തൊഴിലും ലഭ്യമാക്കുന്നതും വരെ നഗരവികസനവുമായി ബന്ധപ്പെട്ടിരിക്കുന്നു. അധികാരവും പണവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി പ്രാദേശിക സർക്കാരുകൾ എന്ന നിലയിൽ അവയെ ശാക്തീകരിച്ചും കേന്ദ്ര, സംസ്ഥാന സ്കീമുകൾ, സർക്കാർ ഏജൻസികൾ എന്നിവയെ മാത്രം ആശ്രയിക്കാതെ സ്വന്തം നിലയിൽ നഗരവികസന പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ പ്രാദേശിക സർക്കാരുകൾക്ക് അവസരമൊരുക്കിയുമാണ് കേരളം രാജ്യത്തിന് മാതൃകയായത്.

1996-ൽ ആരംഭിച്ച ജനകീയാസൂത്രണം കേരളത്തിന്റെ നഗരവികസനത്തിൽ നിർണ്ണായക വഴിത്തിരിവായി. സംസ്ഥാന വികസന പദ്ധതിയുടെ മൂന്നിൽ ഒരു ഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കിവയ്ക്കണമെന്ന പൊതുധാരണ രൂപപ്പെട്ടു. ഇന്ത്യയുടെ വികസന ചരിത്രത്തിൽ അന്നാദ്യമായാണ് ശതമാനക്കണക്കിൽ ഇത്ര വലിയ തുക ഒരു സംസ്ഥാന സർക്കാർ പ്രാദേശിക സർക്കാരുകൾക്ക് നൽകിയത്. 1997–98 ൽ 2,850 കോടി വികസനഫണ്ടായി വകയിരുത്തിയതിൽ 749 കോടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി മാറ്റി വെച്ചു. കേന്ദ്ര–സംസ്ഥാന സ്കീമുകളുടെ വിഹിതവും മറ്റ് ഫണ്ടുകളും ചേർത്ത്

1,288 കോടി രൂപയാണ് ആ വർഷം പ്രാദേശിക സർക്കാരുകൾക്ക് ലഭിച്ചത്. ഇതിലൂടെ, ജനകീയാസൂത്രണത്തിന്റെ ആദ്യവർഷം തന്നെ ആയിരം കോടിയിലേറെ രൂപ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ലഭിച്ചു. ഗ്രാമ/വാർഡ് സഭകൾ പൊതുജനങ്ങളെ പദ്ധതി ആസൂത്രണത്തിൽ പങ്കാളികളാക്കി. റോഡും പാലവും, കുടിവെള്ള പൈപ്പ്, പൊതു ശൗചാലയം എന്നിങ്ങനെ ഓരോ പ്രദേശത്തിനും ആവശ്യമുള്ളത് ജനങ്ങൾ തന്നെ നിർദേശിച്ചു . ഇത്തരം നിർദ്ദേശങ്ങൾ പദ്ധതിയുടെ ഭാഗമായി മാറി. പ്രവർത്തിയുടെ പുരോഗതി ഗ്രാമ/വാർഡ് സഭകളിൽ റിപ്പോർട്ട് ചെയ്തു. വികസനാസൂത്രണത്തിലും പദ്ധതി ന ടത്തിപ്പിലും ഇത് വഴിത്തിരിവ് കുറിച്ചു.

## അടിസ്ഥാനസൗകര്യ വികസനം

വികേന്ദ്രീകൃതാസൂത്രണം നടപ്പിലായതിനു ശേഷമുള്ള മൂന്ന് പതിറ്റാണ്ടിൽ നഗരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ അതിവേഗം വികസിച്ചു. റോഡുകൾ, ഡ്രെയിനേജ് സംവിധാനം, പാർക്കുകൾ, വീടുകൾ എന്നിവയുടെ നിർമ്മാണവും നവീകരണവും, പൊതുജനാരോഗ്യം തുടങ്ങിയ നഗരജീവിതത്തിന്റെ വ്യത്യസ്ത മേഖലകളിൽ ഇതിന്റെ സ്വാധീനം ദൃശ്യമായി. വിവിധ സർക്കാർ സ്കീമുകളുടെ ഭാഗമായ പ്രവൃത്തികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തം നിലയിൽ ആസൂത്രണം ചെയ്ത് നടപ്പാക്കി. ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ സഹായത്തോടെ 2006 ൽ ആരംഭിച്ച കെഎസ് യുഡിപി (Kerala Sustainable Urban Development Project) നഗരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലും നഗര ഭരണം കാര്യക്ഷമമാക്കുന്നതിലും പ്രധാന പങ്കു വഹിച്ചു. ലിങ്ക് റോഡുകൾ, ഡ്രെയിനേജുകൾ, ചന്തകളിലും സ്ഥാപനങ്ങളിലും ബയോഗ്യാസ് പ്ലാന്റുകൾ, നഗര സൗന്ദര്യവൽക്കരണം, കുടിവെള്ള സപ്ലൈ ലൈനുകൾ എന്നിവയും ഭരണ മികവിനും ശേഷി വികസന ത്തിനുമുള്ള പരിശീലന പരിപാടികളും ഇതിന്റെ ഭാഗമായി ഏറ്റെടുത്തു. അഞ്ച് മുനിസിപ്പൽ കോർപ്പ റേഷനുകളിലും 53 മുനിസിപ്പാലിറ്റികളിലുമായി 1,422.50 കോടി രൂപയുടെ പ്രോജക്ടുകളാണ് ഇതിൽ ഉൾപ്പെടുത്തിയത്.





**ഗ്രാമങ്ങൾ ചെറു നഗരങ്ങളായി അതിവേഗം വികസിച്ചും നഗരവുമായി കിടപിടിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ഗ്രാമങ്ങളിലേക്ക് വ്യാപിച്ചുമാണ് കേരളത്തിൽ നഗര വൽക്കരണം നടക്കുന്നത്. മികച്ച സ്കൂളുകൾ, ആശുപത്രികൾ, കച്ചവട സ്ഥാപനങ്ങൾ എന്നിവയും റോഡുകൾ, പാലങ്ങൾ മുതലായ അടിസ്ഥാന സൗകര്യങ്ങളും കേരളത്തിലെ മിക്ക ഗ്രാമങ്ങളിലും കാണാം.**



## അമൃത്

അമൃത് മിഷൻ പദ്ധതികളുടെ നിർവഹണത്തിലും കേരളം മികവു കാട്ടി. ഒമ്പത് അമൃത് നഗരങ്ങളിലാണ് ഒന്നാം ഘട്ടത്തിൽ പദ്ധതി നടപ്പിലാക്കിയത്. 2357.69 കോടി രൂപയ്ക്ക് 1111 പ്രോജക്റ്റുകൾ ഈ ഘട്ടത്തിൽ ഏറ്റെടുത്തു. ഇതിൽ 965 എണ്ണം പൂർത്തിയാക്കി. 1919.62 കോടി രൂപയാണ് നാളിതുവരെയുള്ള ചെലവ്. 217 കുടിവെള്ള പ്രൊജക്റ്റുകളിൽ 172 എണ്ണമാണ് പൂർത്തിയാക്കിയത്. ആറ് ജലപരിചരണ പ്ലാന്റുകളിൽ (WTP) 5 -ഉം പണി പൂർത്തിയാക്കി. 1806 കി.മീറ്റർ കുടിവെള്ള വിതരണ ശൃംഖല സ്ഥാപിച്ചു. 50,647 കുടിവെള്ള ടാപ്പുകൾ സ്ഥാപിച്ചു. 307.5 ലക്ഷം ലിറ്റർ ശേഷിയിൽ 17 കുടിവെള്ള ടാങ്കുകൾ നിർമ്മിച്ചു. ദിവസം 14.6 ദശലക്ഷം ലിറ്റർ മലിനജലം സംസ്ക്കരിക്കാനുള്ള ശേഷിയിൽ 7 ട്രീറ്റ്മെന്റ് പ്ലാന്റുകൾ പൂർത്തിയാക്കി. സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, ഡ്രെയിനേജ് ശൃംഖല, ബഹുനില കാർ പാർക്കിങ്ങ്, ഫുട്പാത്ത്, സൈക്കിൾ ട്രാക്ക്, നടപ്പാലം, സ്കൈവാക്ക്, സബ്‌വേ, ഹരിത പാർക്കുകൾ തുടങ്ങിയ വിവിധങ്ങളായ പ്രവൃത്തികൾ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്തു. രണ്ടാം ഘട്ടത്തിൽ 93 നഗരങ്ങളിലേക്ക് പദ്ധതി വ്യാപിപ്പിച്ചു. രണ്ടു ഘട്ടങ്ങളിലുമായി 2768 കോടി രൂപയുടെ പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് പൂർത്തിയാക്കിയത്. ജലവിതരണ പദ്ധതികൾക്കായി 1848 കോടിയും മലിന ജല സംസ്കരണത്തിന് 359 കോടിയും ചെലവഴിച്ചു. ബാക്കി പദ്ധതികൾ പുരോഗമിക്കുകയാണ്. 5872 കോടിയുടെ പദ്ധതികളാണ് രണ്ട് ഘട്ടങ്ങളിലുമായി നടപ്പാക്കുന്നത്.



**1996–ൽ ആരംഭിച്ച ജനകീയാസൂത്രണം കേരളത്തിന്റെ നഗരവികസനത്തിൽ നിർണ്ണായക വഴിത്തിരിവായി. സംസ്ഥാന വികസന പദ്ധതിയുടെ മൂന്നിൽ ഒരു ഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾക്ക് മാറ്റിവയ്ക്കണമെന്ന പൊതുധാരണ രൂപപ്പെട്ടു.**

ദ്വീപുനിവാസികളെ പ്രധാന കരയുമായി ബന്ധിപ്പിക്കുന്ന കൊച്ചി ജല മെട്രോയുടെ ആദ്യ ഘട്ടം ഇപ്പോൾ പ്രവർത്തനക്ഷമമാണ്. അടുത്ത ഘട്ടം കൂടി പൂർത്തിയാകുന്നതോടെ, 16 റൂട്ടുകളും 38 ടെർമിനലുകളുമായി 78 ഹൈബ്രിഡ് ബോട്ടുകൾ 76 കിലോമീറ്റർ ജലപാതയിൽ സർവീസ് നടത്തും. 1,50,000 യാത്രക്കാർ ദിവസവും ഈ സൗകര്യം ഉപയോഗിക്കും. ഇതിലൂടെ വാർഷിക കാർബൺ ബഹിർഗമനം 44,000 ടൺ കുറയ്ക്കാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്. നഗരത്തിൽ സ്മാർട്ട് സിറ്റി മിഷന് കീഴിൽ 40,400 തെരുവ് വിളക്കുകൾ മാറ്റി ഊർജക്ഷമത കൂടിയ എൽഇഡി വിളക്കുകൾ സ്ഥാപിച്ചു. ഊർജ്ജ ക്ഷമത 70 ശതമാനം കണ്ട് വർധിപ്പിക്കാൻ ഇതിലൂടെ സാധിച്ചു. സ്മാർട്ട് മീറ്ററുകളും (ഡിജിറ്റൽ) കമാന്റ് കൺട്രോൾ സംവിധാനവും സ്ഥാപിച്ചതിലൂടെ കൊച്ചി കോർപറേഷന് 1.54 കോടി രൂപയാണ് ലാഭിക്കാനായത്. 246 ഏക്കറിൽ 8.8 ദശലക്ഷം ച. അടി തറവിസ്തീർണ്ണത്തിലാണ് കൊച്ചി ഐ.ടി ടൗൺഷിപ്പ് ഒരുങ്ങുന്നത്. ഇതിൽ 6.21 ദശലക്ഷം ഐ.ടി ക്കും അനുബന്ധ മേഖലകൾക്കും ആയിരിക്കും. സ്മാർട്ട് സിറ്റി പദ്ധതിക്കായി രൂപം നൽകിയ പ്രത്യേകോദ്ദേശ കമ്പനി (Special Purpose Vehicle) സ്മാർട്ട് സിറ്റിയുടെ പ്രാരംഭ പദ്ധതി റിപ്പോർട്ടിൽ ഒതുങ്ങി നിൽക്കാതെ വിവിധ സ്രോതസുകളിൽ നിന്ന് ഫണ്ടുകൾ സ്വരൂപിച്ച്






വികസന പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. മൂവായിരത്തി എഴുന്നൂറിലധികം കോടിയുടെ ആസ്തി (Capital investment) നിക്ഷേപം (3,758 കോടി) ഇതിലൂടെ സാധ്യമായി. 1,242.48 കോടി രൂപയാണ് തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിയുടെ ഇതുവരെയുള്ള ആസ്തി നിക്ഷേപം. ഏറ്റെടുത്ത 69 പദ്ധതികളിൽ 55 എണ്ണവും സമയബന്ധിതമായി പൂർത്തീകരിച്ചാണ് കോർപറേഷൻ മികവ് തെളിയിച്ചത്.

കൊച്ചി മെട്രോ, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, കൊച്ചി ജലമെട്രോ, കുതിരാൻ തുരങ്കം, നിരവധി എൻഎച്ച് ബൈപാസുകൾ, എലിവേറ്റഡ് ബൈപാസുകൾ, നാഷണൽ ഹൈവേകൾ വീതി കൂട്ടൽ, തീരദേശ ഹൈവേ, മലയോര ഹൈവേ മുതലായ വമ്പൻ പ്രൊജക്റ്റുകൾക്ക് സമാന്തരമായാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ സ്വന്തം പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയത്. നഗര വികസനത്തിന്റെ ഏറ്റവും ദൃശ്യതയുള്ള ചിത്രങ്ങൾ ഇത്തരം വൻകിട പദ്ധതികളുമായും ബന്ധപ്പെട്ടിരിക്കുന്നു.

## മാലിന്യ പരിപാലനം

ജനകീയാസൂത്രണം സൃഷ്ടിച്ച വികേന്ദ്രീകൃത സംവിധാനങ്ങളും ബലവത്തായ ജനകീയ അടിത്തറയുമാണ് അതിവേഗ നഗരവൽക്കരണത്തിന്റെ സ്വാഭാവിക ഫലമായ മാലിന്യപ്രശ്നത്തെ ഫലപ്രദമായി നേരിടാൻ കേരളത്തെ പ്രാപ്തമാക്കിയത്.





**സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തരോൽപ്പാദനത്തിന്റെ ഒരു ശതമാനത്തിൽ താഴെ (0.8) മാത്രമായിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിഹിതം ജനകീയാസൂത്രണം നടപ്പിലാക്കിയതിനു ശേഷം 2– 2.5 ശതമാനമായി ഉയർന്നു. ആസൂത്രണ ബോർഡിന്റെ കണക്കുകൾ പ്രകാരം 1990 കളിൽ കേരളത്തിലെ ജനസംഖ്യയുടെ 9–10 ശതമാനം അതിദരിദ്രരായിരുന്നു. എന്നാൽ 2020 ടെ അത് 1 ശതമാനത്തിൽ താഴെയായി കുറച്ചു കൊണ്ടുവരാൻ സംസ്ഥാനത്തിനായി.**



തൊണ്ണൂറുകൾ സാക്ഷ്യം വഹിച്ച നവ ഉദാരീകരണ, സ്വകാര്യവൽക്കരണ, ആഗോളവൽക്കരണ നയങ്ങൾ കൃഷി, കൈത്തൊഴിലുകൾ മുതലായ മേഖലകളെ ദുർബ്ബലപ്പെടുത്തുകയും നഗരവൽക്കരണം ത്വരിത പ്പെടുത്തുകയും ചെയ്തു. ഉപഭോഗ സംസ്ക്കാരം ശക്തിപ്പെട്ടു. ഉപയോഗിച്ച് വലിച്ചെറിയാൻ കഴിയുന്ന ഉൽപ്പന്നങ്ങൾ വിപണി കീഴടക്കി. അതിവേഗ ന ഗരവൽക്കരണത്തിന്റെ സ്വഭാവിക പാർശ്വഫലങ്ങളും ഉപയോഗിച്ച് വലിച്ചെറിയുന്ന വസ്തുക്കൾ സൃഷ്ടിച്ച പാരിസ്ഥിതിക ആഘാതവും ചേർന്നപ്പോൾ പ്രാദേശിക മുൻകൈ പ്രവർത്തനങ്ങളെ കൂടുതലായി ആശ്രയിക്കാൻ നാം നിർബന്ധിതരായി. അധികാര വികേന്ദ്രീകരണവും അതിന്റെ കേരളീയ മാതൃകയായ ജനകീയാസൂത്രണവും അതിനു വേണ്ട ജനകീയ പിന്തുണാ സംവിധാനങ്ങൾ രൂപപ്പെടുത്തിയിരുന്നു. 2008-ൽ ആരംഭിച്ച ശുചിത്വമിഷൻ അതിന്റെ പ്രധാന പ്രവർത്തന ഉത്തരവാദിത്വം പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കും നഗരസഭകൾക്കുമാണ് നൽകിയത്. മാലിന്യം ഉറവിടത്തിൽ വേർതിരിക്കൽ, ഗാർഹിക അടിസ്ഥാനത്തിലും സമൂഹ അടിസ്ഥാനത്തിലുള്ള കമ്പോസ്റ്റിംഗ് എന്നിവയ്ക്ക് മിഷൻ പ്രോത്സാഹനം നൽകി.

കേന്ദ്രീകൃത പരീക്ഷണങ്ങളിൽ നിന്ന് വികേന്ദ്രീ കൃത മാലിന്യ പരിപാലനത്തിലേക്കുള്ള പരിവർത്തനം സാധ്യമാക്കിയത് ജനകീയാസൂത്രണം രൂപപ്പെടുത്തിയ പിന്തുണാ സംവിധാനങ്ങൾ ആണ്. ഗാർഹിക

/സ്ഥാപന തലത്തിലും ഗ്രാമ/വാർഡ് തലത്തിലുമുള്ള ഖരമാലിന്യ സംസ്കരണത്തിന്റെ ഒരു മാതൃക (DSWM) കേരളം വികസിപ്പിച്ചെടുത്തു. മെറ്റീരിയൽ റിക്കവറി യൂണിറ്റുകളും (MRF) ചെറുകിട സംസ്കരണ യൂണിറ്റുകളും മാലിന്യ പരിപാലനത്തിൽ നിർണായകമായി. തുടക്കത്തിൽ ശുചിത്വമിഷനും പിന്നീട് ഹരിത കേരളം മിഷനും ഇതിന് ആവശ്യമായ സാങ്കേതിക പിന്തുണ ലഭ്യമാക്കി. സംസ്ഥാനത്തെ 25 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് ഇതിനകം ഗാർഹിക മാലിന്യ സംസ്കരണ സംവിധാനങ്ങൾ സബ്സിഡി അടിസ്ഥാനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ഒരു ദിവസം 7,400 ടൺ ജൈവ മാലിന്യങ്ങളും 2,174 ടൺ അജൈവമാലിന്യങ്ങളും ഉത്പാദിപ്പിക്കപ്പെടുന്നതായി കണക്കാക്കുന്നു. ഇത്രയധികം ജൈവമാലിന്യങ്ങൾക്ക് കേന്ദ്രീകൃതമായ സംസ്കരണ സംവിധാനങ്ങൾ എർപ്പെടുത്തുക പ്രായോഗികമല്ല. വികേന്ദ്രീകൃത സംവിധാനങ്ങൾ വഴി ഇന്നിത് ഏറെക്കുറെ പൂർണമായി സംസ്കരിക്കുന്നുണ്ട്. അവശേഷിക്കുന്ന വിടവുകൾ കണ്ടെത്തി ഇല്ലാതാക്കാനുള്ള പ്രവർത്തനങ്ങൾ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ആസൂത്രിതമായി നടന്നുവരികയാണ്.

സംസ്ഥാനത്തെ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും നേരിട്ടെത്തി അജൈവപാഴ്‌വസ്തുക്കൾ ശേഖരിക്കുന്നതിനുള്ള ഒരു സന്നദ്ധ തൊഴിൽ സേന ആദ്യമായി രൂപീകരിച്ചത് കേരളമാണ്. ഹരിത കർമ്മ സേനയിൽ സംസ്ഥാനത്താകെ ഇന്ന് 37,000 ത്തിലധികം അംഗങ്ങൾ പ്രവർത്തിക്കുന്നു. വാതിൽപ്പടി ശേഖരണം, താൽക്കാലിക സംഭരണം, പാഴ്‌വസ്തുക്കളുടെ തരംതിരിക്കൽ, കമ്യൂണിറ്റി എയ്റോബിക് യൂണിറ്റുകളുടെ പരിപാലനം, പ്രാഥമിക ബോധവൽക്കരണം എന്നിവയിൽ ഹരിത കർമ്മസേനയ്ക്കാണ് പ്രധാന പങ്ക്. ഉറവിട മാലിന്യ സംസ്കരണം, വാതിൽപ്പടി ശേഖരണം, കമ്മ്യൂണിറ്റി എയ്റോബിക് യൂണിറ്റുകളുടെ സ്ഥാപനവും നടത്തിപ്പും എന്നിവയിൽ ആലപ്പുഴ നഗരസഭ കൈവരിച്ച

**ഗ്രാമ/വാർഡ് സഭകൾ പൊതുജനങ്ങളെ പദ്ധതി ആസൂത്രണത്തിൽ പങ്കാളികളാക്കി. റോഡും പാലവും, കുടിവെള്ള പൈപ്പ്, പൊതു ശൗചാലയം എന്നിങ്ങനെ ഓരോ പ്രദേശത്തിനും ആവശ്യമുള്ളത് ജനങ്ങൾ തന്നെ നിർദേശിച്ചു . ഇത്തരം നിർദ്ദേശങ്ങൾ പദ്ധതിയുടെ ഭാഗമായി മാറി. പ്രവൃത്തിയുടെ പുരോഗതി ഗ്രാമ/വാർഡ് സഭകളിൽ റിപ്പോർട്ട് ചെയ്തു. വികസനാസൂത്രണത്തിലും പദ്ധതി നടത്തിപ്പിലും ഇത് വഴിത്തിരിവായി.**



മികവ് രാജ്യത്തിന് പുറത്തുപോലും പ്ര ശംസിക്കപ്പെട്ടിട്ടുണ്ട്. ആലപ്പുഴ മാതൃക പ്രവർത്തി കമാക്കാനുള്ള ശ്രമത്തിലാണ് പല നഗരസഭകളും. കൂടുതൽ വലിയ റിസോഴ്സ് റിക്കവറി സൗകര്യങ്ങൾ (RRF), കംപ്രസ്സഡ് ബയോഗ്യാസ്(CBG) പദ്ധതികൾ എന്നിവ സ്ഥാപിക്കുന്നതും പരിഗണനയിലാണ്.

ലോകബാങ്കിന്റെയും ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കിന്റെയും (AIIB) സഹായത്തോടെ നടപ്പിൽ വരുത്തുന്ന കേരള ഖരമാലിന്യ മാനേജ്മെന്റ് പ്രൊജക്റ്റിനു കീഴിൽ മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കു ന്നതിനുള്ള പ്രൊജക്റ്റുകൾ ഏറ്റെടുത്തു നടപ്പാക്കി വരുന്നു. ഏകദേശം 2,400 കോടി രൂപ (105 ദശലക്ഷം അമേരിക്കൻ ഡോളർ)യാണ് ആകെ പദ്ധതിത്തുക. സംസ്ഥാന സർക്കാരും നഗരസഭകളും (ULBs) ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്. മാലിന്യ ശേഖരണം തരംതിരിക്കൽ സംസ്കരണം എന്നി വയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കു ന്നതിനാണ് പദ്ധതി ഊന്നൽ നൽകുന്നത്. മാലിന്യ സംസ്കരണ രംഗത്ത് ശാസ്ത്രീയവും സുസ്ഥിരവുമായ മാറ്റം ലക്ഷ്യമിടുന്ന ഈ പദ്ധതിക്കു കീഴിൽ ലെഗസി ഡംപിങ്ങ് കേന്ദ്രങ്ങൾ ബയോ മൈനിങ്ങിലൂടെ വീണ്ടെടുക്കൽ ഉൾപ്പെടെയുള്ള പ്രധാന പ്രവൃത്തികൾ നടന്നു വരുന്നു.

## ദാരിദ്ര്യനിർമ്മാർജ്ജനവും പാർപ്പിടവും

അധികാരവും വിഭവങ്ങളും കൈമാറിക്കിട്ടിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങൾക്കിണങ്ങുന്ന പ്രൊജക്റ്റുകളിലൂടെ ദാരിദ്ര്യത്തെ നേരിട്ടു. ആസൂത്ര ണവും പദ്ധതി രൂപീകരണവും മുകൾത്തട്ടിൽ മാത്രം നടന്നിരുന്ന രീതിക്ക് മാറ്റം വന്നു. ഇ.എം.എസ് ഭവന പദ്ധതിയും പിന്നീട് ലൈഫ് പദ്ധതിയും കാര്യക്ഷ മമായി നടപ്പാക്കാൻ കഴിഞ്ഞത് വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഫലമാണ്. പ്രാദേശിക സർക്കാരുകൾ വീടില്ലാത്തവരെയും മറ്റ് അവശതകൾ അനുഭവിക്കുന്നവരെയും കണ്ടെത്തി. അവർക്കുള്ള പദ്ധതികൾ പ്രാദേശിക തലത്തിൽ ആസൂത്രണം ചെയ്ത് ജനകീയ പിന്തുണാ സംവിധാനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കി. 1998 ൽ രൂപം കൊണ്ട കുടുംബശ്രീ സംസ്ഥാനത്തെ ബഹുഭൂരിപക്ഷം കുടുംബങ്ങളെ ഉൾക്കൊള്ളുന്ന മഹാപ്രസ്ഥാനമായി

**ലോകബാങ്കിന്റെയും ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കിന്റെയും (AIIB) സഹായത്തോടെ നടപ്പിൽ വരുത്തുന്ന കേരള ഖരമാലിന്യ മാനേജ്മെന്റ് പ്രൊജക്റ്റിനു കീഴിൽ മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ഏറ്റെടുത്തു നടപ്പാക്കി വരുന്നു.**



വളർന്നു. കുടുംബശ്രീ ദാരിദ്ര്യത്തെ അയൽക്കൂട്ട തലത്തിൽ നേരിട്ടു. പ്രാഥമികാരോഗ്യ, ശുചിത്വ സൗകര്യങ്ങൾ താഴേ തട്ടിലെത്തി.

വികേന്ദ്രീകൃത ആസൂത്രണം പണം മാത്രമല്ല, സാമ്പത്തിക അധികാരവും പ്രാദേശിക സർക്കാരുകൾക്ക് കൈമാറി. സംസ്ഥാന സാമ്പത്തിക കമ്മീഷനുകൾ കാലാകാലങ്ങളിൽ പ്രാദേശിക സർക്കാരുകൾക്ക് നൽകേണ്ട ഫണ്ട് വിഹിതം സംബന്ധിച്ച ശുപാർശകൾ സർക്കാരിന് സമർപ്പിച്ചു. സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തരോൽപ്പാദനത്തിന്റെ ഒരു ശതമാനത്തിൽ താഴെ (0.8) മാത്രമായിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിഹിതം ജനകീയാസൂത്രണം നടപ്പിലാക്കിയതിനു ശേഷം 2-2.5 ശതമാനമായി ഉയർന്നു. ആസൂത്രണ ബോർഡിന്റെ കണക്കുകൾ പ്രകാരം 1990 കളിൽ കേരളത്തിലെ ജനസംഖ്യയുടെ 9-10 ശതമാനം അതിദരിദ്രരായിരുന്നു.

**2016-ൽ തുടക്കം കുറിച്ച ലൈഫ് വീടുകൾ, അപാർട്ട്മെന്റുകൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ വിവിധ ഘടകങ്ങൾ ഒരു സമഗ്ര പദ്ധതിയിൽ സമന്വയിപ്പിച്ചു. ഏറ്റവും പുതിയ (2025 സപ്തംബർ) കണക്കുകൾ പ്രകാരം ലൈഫ് മിഷൻ വീടനുവദിച്ചത് 5,95,536 ഭവനരഹിത കുടുംബങ്ങൾക്കാണ്. അതിൽ 4,62,412 വീടുകൾ പണി പൂർത്തിയായി.**



എന്നാൽ 2020 ടെ അത് 1 ശതമാനത്തിൽ താഴെയായി കുറച്ചു കൊണ്ടുവരാൻ സംസ്ഥാനത്തിനായി. 2025 നവംബറോടെ കേരളം അതിദാരിദ്ര്യമില്ലാത്ത സംസ്ഥാനമായി മാറുകയാണ്. 2021 ൽ ആരംഭിച്ച പദ്ധതിയുടെ ഭാഗമായി നടത്തിയ സർവ്വേയിൽ 64,006 കുടുംബങ്ങളെയാണ് അതിദരിദ്രരായി കണ്ടെത്തിയത്. വീട്, ആഹാരം, ചികിത്സ, മറ്റ് അടിസ്ഥാന ആവശ്യങ്ങൾ എന്നിങ്ങനെ വിവിധങ്ങളായ സഹായങ്ങളാണ് ഇവർക്ക് നൽകുന്നത്. അലഞ്ഞു തിരിയുന്നവരും അടിസ്ഥാന രേഖകൾ സ്വന്തമായി ഇല്ലാത്തവരുമടക്കം മറ്റൊരു പദ്ധതിയിലും പരിഗ ണിക്കപ്പെടാതെ പോയവർക്ക് ഇതിൽ ആനുകൂല്യം ലഭിച്ചു. നവംബർ 1 ന് മുൻപായി പദ്ധതി ലക്ഷ്യം പൂർത്തീകരിക്കും.

ഭവനരഹിതരായ ദരിദ്രകുടുംബങ്ങൾക്ക് വീടു നൽകുന്നതിലും വികേന്ദ്രീകൃതാസൂത്രണം നിർണ്ണായക സംഭാവന നൽകി. 2008-09 ൽ ആരംഭിച്ച ഇ എം എസ് ഭവന നിർമ്മാണ പദ്ധതി 1,30,000 വീടുകൾ പൂർത്തീകരിച്ചു. 2016-ൽ തുടക്കം കുറിച്ച ലൈഫ് വീടുകൾ, അപാർട്ട്മെന്റുകൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ വിവിധ ഘടകങ്ങൾ ഒരു സമഗ്ര പദ്ധതിയിൽ സമന്വയിപ്പിച്ചു. ഏറ്റവും പുതിയ (2025 സപ്തംബർ) കണക്കുകൾ പ്രകാരം ലൈഫ് മിഷൻ വീടനുവദിച്ചത് 5,95,536 ഭവനരഹിത കുടുംബങ്ങൾക്കാണ്. അതിൽ 4,62,412 വീടുകൾ പ ണി പൂർത്തിയായി. 1,33,124 വീടുകൾ നിർമ്മാണ ത്തിലാണ്. രാജ്യത്ത് മറ്റൊരു സംസ്ഥാനവും ഇത്ര ബൃഹത്തായ ഒരു ഭവനപദ്ധതി നടപ്പിലാക്കിയിട്ടില്ല. പ്രധാനമന്ത്രി ആവാസ് യോജനയുമായുള്ള സംയോജനത്തിലൂടെ 90,237 കുടുംബങ്ങൾക്കാണ് നഗരമേഖലയിൽ മിഷൻ വീടനുവദിച്ചത്. നഗര കേന്ദ്രങ്ങളിൽ ഭവനരഹിതർക്കായി നിർമ്മിക്കുന്ന പാർപ്പിട കോംപ്ലക്സുകളും ശ്രദ്ധേയമാണ്. ഉദാഹരണത്തിന്, ലൈഫ് മിഷൻ /സി.എസ് ആർ

**പ്രാദേശിക സർക്കാരുകൾ വീടില്ലാത്തവരെയും മറ്റ് അവശതകൾ അനുഭവിക്കുന്നവരെയും കണ്ടെത്തി. അവർക്കുള്ള പദ്ധതികൾ പ്രാദേശിക തലത്തിൽ ആസൂത്രണം ചെയ്ത് ജനകീയ പിന്തുണാ സംവിധാനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കി.**









**ഗാർഹിക /സ്ഥാപന തലത്തിലും ഗ്രാമ/വാർഡ് തലത്തിലുമുള്ള ഖരമാലിന്യ സംസ്കരണത്തിന്റെ ഒരു മാതൃക (DSWM) കേരളം വികസിപ്പിച്ചെടുത്തു. മെറ്റീരിയൽ റിക്കവറി യൂണിറ്റുകളും ചെറുകിട സംസ്കരണ യൂണിറ്റുകളും മാലിന്യ പരിപാലനത്തിൽ നിർണായകമായി. തുടക്കത്തിൽ ശുചിത്വമിഷനും പിന്നീട് ഹരിത കേരളം മിഷനും ഇതിന് ആവശ്യമായ സാങ്കേതിക പിന്തുണ ലഭ്യമാക്കി.**

ഫണ്ടുപയോഗിച്ച് ആരംഭിച്ച ശാന്തിപുരം പ്രോജക്ട് 197 കുടുംബങ്ങൾക്ക് താമസമൊരുക്കും. തിരുവനന്തപുരത്തെ കരിമഠം കോളനി പ്രോജക്ട് ആദ്യ ഘട്ടം പൂർത്തിയാക്കി 128 പാർപ്പിട യൂണിറ്റുകൾ ഉദ്ഘാടനം ചെയ്തു കഴിഞ്ഞു. തിരുവനന്തപുരം കോർപറേഷൻ പരിധിയിലെ കല്ലടിമുഖം പ്രോജക്ടിൽ 300-ൽ അധികം ഫ്ളാറ്റുകൾ ഗുണഭോക്താക്കൾക്ക് കൈമാറി.

വികസനത്തോടൊപ്പം പ്രധാനമാണ് അതിന്റെ ഗുണഫലങ്ങൾ എല്ലാവരിലും എത്തുക എന്നതും. ലൈഫ് മിഷൻ, ഹരിതകേരളം മിഷൻ, ഡിജി കേരളം, അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി തുടങ്ങിയ വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ കേരളം ചെയ്തു കൊണ്ടിരിക്കുന്നത് അതാണ്. ●

*References:*

1) World Bank (2008), Kerala: The Development Experience. Washington DC.
2) Oommen, M.A. (2014), Essays on Kerala Economy. Institute of Social Sciences, New Delhi
3) K.C. Sivaramakrishnan, Amitabh Kundu & B.N. Singh (2005), Handbook of Urbanisation in India, Oxford University Press.
4. KILA - Handbooks on Local Governance / Local Planning - Kerala Institute of Local Administration (KILA) -Book 4: Local Planning
5. Kerala Sustainable Urban Development Project (ADB Report)
6. Local Planning: The Kerala Experiment - by Richard W. Franke et al.
7. Budget documents
8. Performance Audit of the Kerala Sustainable Urban Development Project (KSUDP) by the Comptroller & Auditor General (CAG) - CAG Report No. 3 of 2017 on Local Self Government Institutions, Government of Kerala.
9. Ecostat News, November 2024

കവർ സ്റ്റോറി 2

**ദിനിൽ ആർ.**




# നഗര കോൺക്ലേവും

സെപ്റ്റംബർ 12,13 തീയതികളിൽ കൊച്ചിയിൽ നടന്ന നഗര കോൺക്ലേവ് സംസ്ഥാനത്തിന്റെ നഗരവികസന അനുഭവങ്ങൾ വിലയിരുത്തുന്നതിനും നഗരാസൂത്രണവും വികസനവും സംബന്ധിച്ച ആഗോള അനുഭവങ്ങൾ കേരളത്തിന്റെ പരിസരവുമായി ബന്ധപ്പെടുത്തി പരിശോധിക്കുന്നതിനും വിദഗ്ധർക്കും വികസന പ്രവർത്തകർക്കും അവസരം ഒരുക്കി. നഗരാസൂത്രണ വിദഗ്ധരും ഗവേഷകരും ജനപ്രതിനിധികളും ആഗോളതലത്തിൽ ശ്രദ്ധേയരായ വിദഗ്ധരും പങ്കെടുത്ത ഇത്തരമൊരു നഗരവികസന കോൺക്ലേവ് രാജ്യത്ത് ഇതാദ്യമാണ്.

അതിവേഗ നഗരവൽക്കരണത്തിന് വിധേയമാകുന്ന ഒരു  ഭൂപ്രദേശമെന്നെ നിലയിൽ കേരളസംസ്ഥാനത്തിന്റെ നഗരവികസനം സുസ്ഥിരവും ശാസ്ത്രീയവുമാക്കുന്നതിനുള്ള മാർഗ്ഗങ്ങളാണ് കോൺക്ലേവ് ആരാഞ്ഞത്. കേരള നഗരനയ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകളും  വിവിധ സെഷനുകൾ ചർച്ച ചെയ്തു. നഗരാസൂത്രണവും വികസനവും  നഗരഭരണവും കാലാവസ്ഥാ പ്രതിരോധ പദ്ധതികളും  സംബന്ധിച്ച ആഗോള മാതൃകകളും ദേശീയ, സംസ്ഥാന, പ്രാദേശിക അനുഭവങ്ങളും വിവിധ സെഷനുകളിൽ അവതരിപ്പിച്ചു. അടിസ്ഥാന സൗകര്യവികസനം, കാലാവസ്ഥാ വ്യതിയാന പ്രതിരോധം, സാമൂഹിക ഉൾക്കൊള്ളലിൽ ഊന്നുന്ന വികസന സമീപനം, ഡിജിറ്റൽ  സാധ്യതകൾ ഉപയോഗപ്പെടുത്തുന്ന സ്മാർട്ട് ഭരണം തുടങ്ങിയ വിവിധ വിഷയമേഖലകൾ ചർച്ചയായി.

വിവിധ രാജ്യങ്ങളിലെ 56 നഗരങ്ങളിൽ നിന്നുള്ള പ്രതിനിധികൾ കോൺക്ലേവിൽ പങ്കെടുത്തു. അവരുടെ  അനുഭവങ്ങളും നിർദ്ദേശങ്ങളും കേരളത്തിന്റെ സവിശേഷ സാഹചര്യവുമായി ബന്ധപ്പെടുത്തി പരിശോധിച്ചത് വികസന സംവാദങ്ങളുടെ ചരിത്രത്തിലെ വേറിട്ട അനുഭവമായി.



**അതിവേഗ നഗരവൽക്കരണത്തിന് വിധേയമാകുന്ന ഒരു ഭൂപ്രദേശമെന്നെ നിലയിൽ കേരളസംസ്ഥാനത്തിന്റെ നഗരവികസനം സുസ്ഥിരവും ശാസ്ത്രീയവുമാക്കുന്നതിനുള്ള മാർഗ്ഗങ്ങളാണ് കോൺക്ലേവ് ആരാഞ്ഞത്. കേരള നഗരനയ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകളും വിവിധ സെഷനുകൾ ചർച്ച ചെയ്തു.**

# നഗരനയ സമീപനവും

ബഹുജന പങ്കാളിത്തത്തിന് ഊന്നൽ നൽകുന്ന സുസ്ഥിര നഗരവികസനത്തിന്റെ കേരളമാതൃകയ്ക്ക് നയപരമായ വ്യക്തത നൽകാൻ കോൺക്ലേവ് സഹായിച്ചു. പ്രാദേശിക തലത്തിലും ദേശീയതല ത്തിലും ശ്രദ്ധേയമായ നഗരവികസന അനുഭവങ്ങൾ ആഗോള വിദഗ്ധരുമായി പങ്കുവെച്ച് അഭിപ്രായങ്ങൾ സ്വരൂപിക്കുന്നതിനും സംഗമം അവസരമൊരുക്കി.

ജനാധിപത്യപരമായ സുസ്ഥിര, പങ്കാളിത്ത ന ഗരവികസന നയം കുറ്റമറ്റതാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ രൂപപ്പെടുത്താൻ നയവിദഗ്ധർ, വികസന പ്രവർത്തകർ, അക്കാദമിക് പണ്ഡിതർ, സിവിൽ സമൂഹ പ്രതിനിധികൾ എന്നിവരെ ഒരുമിച്ചിരുത്തി നടത്തിയ സംവാദങ്ങൾ സഹായിച്ചു. മാനവവികസന നേട്ടങ്ങൾ, സമ്പൂർണ്ണ സാക്ഷരത, ഉൾക്കൊള്ളലിന്റേതായ വികസനനയം, സുസ്ഥിര സമീപനം എന്നിവയ്ക്ക് ലോകശ്രദ്ധ നേടിയ കേരളം കൈവരിച്ച നേട്ടങ്ങൾ വിശകലനം ചെയ്ത കോൺക്ലേവ് ഭാവി പ്രവർത്തനങ്ങൾ സംബന്ധിച്ച് കാഴ്ചപ്പാടിന് കൂടുതൽ വ്യക്തത നൽകി.

അതിവേഗ നഗരവൽക്കരണം ഉയർത്തുന്ന വെല്ലുവിളികൾ, നഗരാസൂത്രണവും വികസനവും, കാലാവസ്ഥാ പ്രതിരോധം, നീതിയുക്തമായ സമഗ്ര വികസനം, സമൂഹ്യക്ഷേമം എന്നിവയ്ക്ക് ഊന്നൽ നൽകുന്ന നഗരനയ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ കോൺക്ലേവ് പരിശോധിച്ചു. സ്ഥലവിനി യോഗ ആസൂത്രണം, കാലാവസ്ഥാ പ്രതിരോധ വികസന സമീപനം, ആവാസ സൗകര്യങ്ങളുടെ വികസനം, അടിസ്ഥാന സൗകര്യ വികസനത്തിലെ സുസ്ഥിര സമീപനം, അടിസ്ഥാന സേവനങ്ങൾ കാര്യക്ഷമമാക്കൽ, ആരോഗ്യവും ക്ഷേമവും, സംസ്ക്കാരവും പാരമ്പര്യവും നഗരവൽക്കരണത്തിന്റെ പ്രേരക ഘടകങ്ങൾ, പ്രാദേശിക സാമ്പത്തിക വികസന ചട്ടക്കൂട്, നഗര വികസന ഫിനാൻസിംഗ്, കൂട്ടത്തരവാദ പ്രാദേശിക ഭരണം തുടങ്ങിയ വിവിധങ്ങളായ വിഷയങ്ങൾ നഗരകോൺക്ലേവിൽ ചർച്ച ചെയ്യപ്പെട്ടു. സംസ്ഥാനത്തിന്റെ നഗരവികസന സമീപനം കൂടുതൽ തെളിച്ചമുള്ളതാക്കാൻ കോൺക്ലേവ് സഹായിച്ചു.



## സുസ്ഥിര നഗരവികസനം തനത് സാധ്യതകളും സവിശേഷ വെല്ലുവിളികളും

ഇന്ത്യയുടെ മറ്റ് പല സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി കേരളത്തിനുള്ള ഭൂമിശാസ്ത്രപരവും സാംസ്കാരികവും ചരിത്രപരവുമായ സഹായക ഘടകങ്ങൾ നിലനിർത്തേണ്ടതിന്റെ പ്രാധാന്യം കോൺക്ലേവ് ചർച്ചചെയ്തു. പുതിയതായി ഉയർന്നു വരുന്ന വെല്ലുവിളികൾ ശാസ്ത്രീയവും കാര്യക്ഷമ വുമായി നേരിടുന്നതിൽ പരാജയപ്പെട്ടാൽ ഈ അനുകൂല ഘടകങ്ങൾ നമുക്ക് ബാധ്യതയായി തീരും. 2018ലെ മഹാപ്രളയവും അതിനു ശേഷം ആവർത്തിച്ചു സംഭവിക്കുന്ന ചെറുതും വലുതുമായ പ്രകൃതി ദുരന്തങ്ങളും സുസ്ഥിര സമീപനത്തിന്റെ പ്രാധാന്യം അടിവരയിടുന്നു. ഇത്തരം വെല്ലുവിളികൾ ദീർഘകാല അടിസ്ഥാനത്തിൽ നേരിടാൻ കേരളീയ സമൂഹത്തെ പ്രാപ്തമാക്കണം. കാലാവസ്ഥാ അതിജീവന ക്ഷമതയും സുസ്ഥിരവികസനവും നഗരനയ കമ്മീഷന്റെ മുൻഗണനാ മേഖലകളിൽ ഉൾപ്പെടുത്തി യിരുന്നു.

വിവിധ പാരിസ്ഥിതിക, സാമ്പത്തിക, സാമൂഹിക ഘടകങ്ങളെ സമന്വയിപ്പിക്കുന്ന ഒരു പരിസ്ഥിതി സൗഹൃദ, കാലാവസ്ഥാ പ്രതിരോധ നഗരവികസന സമീപനം പിന്തുടരേണ്ടതിന്റെ ആവശ്യകത നഗരനയ

**വിവിധ രാജ്യങ്ങളിലെ 56 നഗരങ്ങളിൽ നിന്നുള്ള പ്രതിനിധികൾ കോൺക്ലേവിൽ പങ്കെടുത്തു.**



കമ്മീഷൻ റിപ്പോർട്ട് ഊന്നിപ്പറയുന്നു. കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന അരക്ഷിതത്വത്തെ അതി ജീവിക്കാനും ജനങ്ങളുടെ ആത്മവിശ്വാസം ഉറപ്പിക്കാനും സഹായകമായ നഗരവികസന സമീപന മാണ് സംസ്ഥാനം സ്വീകരിക്കേണ്ടത്. നഗരാസൂത്ര ണത്തിൽ കാലാവസ്ഥാദുരന്ത സാധ്യത പ്രധാന വശമായി കണക്കിലെടുക്കണമെന്ന് കോൺക്ലേവ് ചൂണ്ടിക്കാണിച്ചു. പരിസ്ഥിതിസൗഹൃദ, ദുരന്ത പ്രതി രോധ മുൻകൈ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകണം. ഏറ്റവും പുതിയ ഡാറ്റാ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തണം. അടിയന്തിര തീരുമാനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ യഥാസമയം ലഭ്യമാവുകയും വേണം.

## ദീർഘകാല നയസമീപനത്തിന്റെ പ്രാധാന്യം

ഓരോ സവിശേഷ സന്ദർഭത്തിലും അപ്പോൾ നേരിടുന്ന വെല്ലുവിളികൾ മാത്രം കണക്കിലെടുക്കുന്ന നഗരവികസന ആസൂത്രണമാണ് തെക്കൻ രാജ്യങ്ങളിൽ (Global South) പൊതുവിൽ കാണുന്നത്. ഭൂമിശാസ്ത്രപരവും ജനസംഖ്യാപരവും സാമ്പത്തിക വുമായ പ്രവണതകൾ സൃഷ്ടിക്കുന്ന വെല്ലുവിളികളെ അഭിസംബോധന ചെയ്യാൻ ഇത് പര്യാപ്തമല്ലെന്ന് കോൺക്ലേവ് വ്യക്തമാക്കി. ഈ പരിമിതി മനസ്സിലാക്കി, നഗരവൽക്കരണത്തിന്റെ സ്വഭാവം സംബന്ധിച്ച ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ, ദീർഘകാല ലക്ഷ്യങ്ങളോടെ സുസ്ഥിരവികസന മാർഗങ്ങൾ ആരായുന്നതിനാണ് സംസ്ഥാനം നഗര നയ കമ്മീഷൻ രൂപീകരിച്ചത്. ഇന്ത്യയിൽ മാത്രമല്ല, തെക്കൻ ഏഷ്യൻ രാജ്യങ്ങളുടെ വികസന ചരിത്രത്തിൽ ഒരിക്കലും മറ്റൊരിടത്തും ദീർഘകാല അടിസ്ഥാനത്തിൽ നഗരവികസന നയം രൂപപ്പെടുത്തു ന്നതിന് ഒരു നഗരനയ കമ്മീഷൻ രൂപീകരിച്ചിട്ടില്ല.

നഗരനയ കമ്മീഷൻ റിപ്പോർട്ട് സ്ഥലവിനിയോഗ ആസൂത്രണ (Spatial Planning) ത്തിന് പ്രത്യേക ഊന്നൽ നൽകുന്നു. ലഭ്യമായ സ്ഥല സാധ്യതകൾ ശാസ്ത്രീയമായി ഉപയോഗപ്പെടുത്തുക, സ്ഥലപ രിമിതി മറികടക്കുന്നതിന് സുസ്ഥിര മാർഗങ്ങൾ കണ്ടെത്തുക എന്നിവ പ്രധാനമാണ്. ഭാവിയെ മുന്നിൽ കാണുന്ന നഗരനയത്തിന്റെ അടിസ്ഥാനത്തിലാണ് ആസൂത്രണവും നിർവഹണവുമായി ബന്ധപ്പെട്ട

**മാനവവികസന നേട്ടങ്ങൾ, സമ്പൂർണ്ണ സാക്ഷരത, ഉൾക്കൊള്ളലിന്റേതായ വികസനനയം, സുസ്ഥിര സമീപനം എന്നിവയ്ക്ക് ലോകശ്രദ്ധ നേടിയ കേരളം കൈവരിച്ച നേട്ടങ്ങൾ വിശകലനം ചെയ്ത കോൺക്ലേവ് ഭാവി പ്രവർത്തനങ്ങൾ സംബന്ധിച്ച് കാഴ്ചപ്പാടിന് കൂടുതൽ വ്യക്തത നൽകി.**



പ്രായോഗിക വശങ്ങളെ കേരളം കാണുന്നത്. വൈദഗ്ധ്യവും ഭാവിയെ സംബന്ധിച്ച ഉൾക്കാഴ്ചയും പ്രായോഗികതയും സമന്വയിപ്പിക്കുന്ന ഈ കാഴ്ചപ്പാടിന്റെ പ്രസക്തി കോൺക്ലേവ് ഊന്നിപ്പറഞ്ഞു. സുസ്ഥിരവും സാമൂഹിക ഉൾക്കൊള്ളലിൽ വിട്ടുവീഴ്ച ചെയ്യാത്തുമായ നഗരവികസന പ്രവർത്തനങ്ങൾക്ക് സംവിധാനത്തിന്റെ പൂർണ്ണപിന്തുണ ഉറപ്പുവരുത്തുന്നതിലൂടെയേ ഈ സമീപനം പ്രാവർത്തികമാക്കാൻ കഴിയൂ. നഗരവികസനവുമായി ബന്ധപ്പെടുന്ന വകുപ്പുകൾ, സ്ഥാപനങ്ങൾ, ഏജൻസികൾ എന്നിവയ്ക്കിടയിലെ ശക്തമായ ഏകോപനം ഇതിൽ പ്രധാനമാണ്. വ്യവസായം, പാർപ്പിട നിർമ്മാണം, ടൂറിസം, ഉന്നതവിദ്യാഭ്യാസം തുടങ്ങിയ വിവിധങ്ങളായ മേഖലകളുടെ ആവശ്യങ്ങളും ഭാവിസാധ്യതകളും ഇതിൽ കണക്കിലെടുക്കുന്നു.

## സർഗാത്മക വൈദഗ്ധ്യത്തിന്റെ പരിപോഷണവും നൈപുണ്യ വികസനവും

ജനങ്ങളുടെ ക്ഷേമത്തിനും ശേഷിവികസനത്തിനും കേരളം നൽകിയ മുൻഗണനയും സാമ്പത്തിക പിന്തുണയും ലോകം ശ്രദ്ധിച്ചിട്ടുള്ളതാണ്. കേരളത്തിന്റെ സാംസ്കാരിക ഭൂമികയിൽ അതിന്റെ അടയാളങ്ങൾ ദൃശ്യമാണ്. അന്തർദ്ദേശീയ സാഹിത്യോത്സവങ്ങൾ, ഫിലിം ഫെസ്റ്റിവലുകൾ, നാടക – നൃത്ത ഉത്സവങ്ങൾ എന്നിവയുടെ അടിത്തറ കേരളീയരുടെ സർഗാത്മക അഭിരുചിയും ഉയർന്ന ആസ്വാദന നിലവാരവുമാണ്. സർഗാത്മക സാഹിത്യ, വിദ്യാഭ്യാസ മേഖലകളിലെ പാരമ്പര്യത്തിന്റെ അടിസ്ഥാനത്തിൽ

**നഗരാസൂത്രണത്തിൽ കാലാവസ്ഥാദുരന്ത സാധ്യത പ്രധാന വശമായി കണക്കിലെടുക്കണമെന്ന് കോൺക്ലേവ് ചൂണ്ടിക്കാണിച്ചു. പരിസ്ഥിതിസൗഹൃദ, ദുരന്ത പ്രതിരോധ മുൻകൈ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകണം.**



കേരളത്തിലെ കോഴിക്കോട്, തൃശ്ശൂർ നഗരങ്ങൾ യൂനസ്‌കോയുടെ അംഗീകാരം നേടി. 2022 സപ്തംബറിലാണ് UNESCO തൃശൂർ നഗരത്തെ ഗ്ലോബൽ നെറ്റ്‌വർക്ക് ഓഫ് ലേണിങ് സിറ്റീസിൽ ഉൾപ്പെടുത്തി അംഗീകരിച്ചത്. 2023 ഒക്ടോബറിൽ കോഴിക്കോട് നഗരത്തെ 'സാഹിത്യ' വിഭാഗത്തിൽ ക്രിയേറ്റീവ് സിറ്റീസ് നെറ്റ്‌വർക്കിലും ഉൾപ്പെടുത്തി. ഇത്തരം സവിശേഷതകൾ നിലനിർത്തുകയും പോഷിപ്പിക്കുകയും ചെയ്യേണ്ടതിന്റെ പ്രാധാന്യം കോൺക്ലേവ് ഊന്നിപ്പറഞ്ഞു.

കേരളത്തിലെ യുവജനങ്ങളുടെ സർഗാത്മക ശേഷികളും അതിരുകളില്ലാത്ത സംരംഭകത്വ അഭിരുചിയും ഉപയോഗപ്പെടുത്തിയാണ് രാജ്യത്തെ ശ്രദ്ധേയമായ ഒരു സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റമായി കേരളം മാറിയതെന്ന് കോൺക്ലേവ് ചൂണ്ടിക്കാട്ടി. കേരളത്തിന്റെ ഈ സർഗാത്മക അടിത്തറ നിലനിർത്തുകയും ശക്തമാക്കുകയും വേണം. സാങ്കേതിക വികാസത്തിനും സാമൂഹിക മാറ്റങ്ങൾക്കുമൊപ്പം മാറ്റത്തിന് വിധേയമാകുന്ന തൊഴിൽ വിപണിയിൽ മത്സരക്ഷമമായി നിലനിൽക്കാൻ സമൂഹത്തെ സജ്ജമാക്കണം. ജനങ്ങളുടെ സർഗാത്മക കഴിവുകൾ പരിപോഷിപ്പിക്കാനും നൈപുണികൾ മെച്ചപ്പെടുത്താനും കഴിയണം. നഗര ക്ലസ്റ്ററുകൾ, സാമ്പത്തിക ഇടനാഴികൾ എന്നിവയും ഓരോ പ്രദേശത്തിന്റെ പ്രത്യേക മികവും സാമ്പത്തിക വികസനത്തിനും തൊഴിലവസര സൃഷ്ടിക്കുമായി പ്രയോജനപ്പെടുത്തേണ്ടതാണെന്ന് കോൺക്ലേവ് നിർദ്ദേശിച്ചു.

## ഡിജിറ്റൽ സങ്കേതങ്ങളുടെ പങ്ക്

ആസൂത്രണത്തിലും പദ്ധതി നിർവഹണത്തിലും ജനങ്ങൾക്ക് സേവനങ്ങൾ നൽകുന്നതിനും ഡിജിറ്റൽ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിൽ കേരളം പുലർത്തുന്ന മികവ് കോൺക്ലേവ് എടുത്തുകാട്ടി. ഭരണനിർവഹണത്തിലെ സാങ്കേതിക പ്രതിബന്ധങ്ങൾ ഒഴിവാക്കാനും പ്രവർത്തനം കാര്യക്ഷമമാക്കാനും ഭരണപ്രക്രിയയെ ജനങ്ങളോട് കൂടുതൽ അടുപ്പിക്കാനും ഡിജിറ്റൽ സങ്കേതങ്ങളുടെ ഉപയോഗത്തിലൂടെ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. കെ-സ്മാർട്ട് ഈ രംഗത്തെ പ്രധാന ചുവടുവയ്പാണെന്ന്

**ഭരണനിർവഹണത്തിലെ സാങ്കേതിക പ്രതിബന്ധങ്ങൾ ഒഴിവാക്കാനും പ്രവർത്തനം കാര്യക്ഷമമാക്കാനും ഭരണപ്രക്രിയയെ ജനങ്ങളോട് കൂടുതൽ അടുപ്പിക്കാനും ഡിജിറ്റൽ സങ്കേതങ്ങളുടെ ഉപയോഗത്തിലൂടെ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. കെ- സ്മാർട്ട് ഈ രംഗത്തെ പ്രധാന ചുവടുവയ്പാണ്.**






**2022 സപ്തംബറിലാണ് UNESCO തൃശൂർ നഗരത്തെ ഗ്ലോബൽ നെറ്റ്‌വർക്ക് ഓഫ് ലേണിങ് സിറ്റീസിൽ ഉൾപ്പെടുത്തി അംഗീകരിച്ചത്. 2023 ഒക്ടോബറിൽ കോഴിക്കോട് നഗരത്തെ 'സാഹിത്യ' വിഭാഗത്തിൽ ക്രിയേറ്റീവ് സിറ്റീസ് നെറ്റ് വർക്കിലും ഉൾപ്പെടുത്തി. ഇത്തരം സവിശേഷതകൾ നിലനിർത്തുകയും പോഷിപ്പിക്കുകയും ചെയ്യേണ്ടതിന്റെ പ്രാധാന്യം കോൺക്ലേവ് ഊന്നിപ്പറഞ്ഞു.**

കോൺക്ലേവ് വിലയിരുത്തി.

കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് എൻഐടി ഡയറക്ടർ ചെയർമാനായി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിരുന്നു. ഭരണത്തിന് ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സാധ്യതകൾ കൂടുതൽ ഉപയോഗപ്പെടുത്തേണ്ടതിന്റെ ആവശ്യകത അത് ഊന്നിപ്പറഞ്ഞു. ഭരണം ഡിജിറ്റൽ ആവുകയാണ്; മാറി വരുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ശരിയായി ഉപയോഗപ്പെടുത്താൻ ജനങ്ങൾക്കുള്ള കഴിവും അതോടൊപ്പം വർധിക്കണം. ഭരണത്തിൽ സുതാര്യത ഉറപ്പാക്കുന്നതിനും സർക്കാർ പദ്ധതികളുടെ പ്രയോജനം യഥാസമയം ജനങ്ങളിലേക്ക് എത്തിക്കുന്നതിനും ഡിജിറ്റൽ സങ്കേതങ്ങൾ സഹായിക്കുമെന്ന വിലയിരുത്തൽ കോൺക്ലേവ് ആവർത്തിച്ചു.

ഏറ്റവും ഉയർന്ന വിവര ലഭ്യതയുള്ളതും ഡിജിറ്റൽ സാങ്കേതിക വിദ്യകൾ ശരിയായി ഉപയോഗിക്കാൻ കഴിയുന്നതുമായ ഒരു സമൂഹമായി കേരളം അതിവേഗം മാറുകയാണ്. വിവരങ്ങളുടെയും വിവര സ്രോതസ്സുകളുടെയും ജനാധിപത്യവൽക്കരണമാണ് ഡിജിറ്റൽ സാങ്കേതികവിദ്യയിലേക്കുള്ള പരിവർത്തനത്തിന്റെ ഒരു പ്രധാന വശം. സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിച്ച ആദ്യ സംസ്ഥാനമായി കേരളം മാറിയത് ഈ വികാസത്തിലെ നാഴികക്കല്ലായി കോൺക്ലേവ് വിലയിരുത്തി.

## പ്രാദേശിക സർക്കാരുകളുടെ സാമ്പത്തിക ശാക്തീകരണം

ജനകീയാസൂത്രണം കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിപുലമായ അധികാരങ്ങളോടൊപ്പം ഭേദപ്പെട്ട സാമ്പത്തിക അടിത്തറയും നൽകി. കൂടിയ ബഡ്ജറ്റ് വിഹിതം പ്രാദേശിക സർക്കാരുകൾക്കായി നീക്കിവെക്കപ്പെട്ടു. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി ബഹുജന കേന്ദ്രീകൃത വികസന മാതൃകയാണ് കേരളം പിന്തുടരുന്നത്. ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യ ക്ഷേമം എന്നീ മേഖലകളിൽ കഴിഞ്ഞ മൂന്നു പതിറ്റാണ്ടിൽ കേരളം കാഴ്ചവച്ച മുന്നേറ്റത്തിൽ ഈ മാതൃക നിർണ്ണായകമായെന്ന് കോൺക്ലേവ് വിലയിരുത്തി. ഉയർന്ന ബഡ്ജറ്റ് വിഹിതവും കേരള





**സമൂഹത്തിലെ ഒരു വിഭാഗവും ജനാധിപത്യ പ്രക്രിയയിൽ നിന്നോ സർക്കാർ സ്കീമുകളുടെ സാധ്യതകളിൽ നിന്നോ അകറ്റിനിർത്തപ്പെടരുത്. ഭരണ സംവിധാനങ്ങൾ, അതിന്റെ ഭാഗമായ ഡിജിറ്റൽ സങ്കേതങ്ങൾ എന്നിവ സംബന്ധിച്ച് കൂടുതൽ അറിവുള്ള ജനസമൂഹം ഭരണപ്രക്രിയ കൂടുതൽ ജനാധിപത്യപരമാക്കും.**

ത്തിന്റെ ജനാധിപത്യ പാരമ്പര്യത്തോടൊപ്പം ഉയർന്ന് പ്രവർത്തിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ശേഷിയും ഇതിൽ പ്രധാനമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനവിനിയോഗം അടിക്കടി കുറ്റമറ്റതാകണം.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജീവിക്കുന്ന





കേരളീയരുടെ സാമ്പത്തിക പിന്തുണയും അറിവും കഴിവും സംസ്ഥാനത്തിന്റെ പ്രാദേശിക സാമ്പത്തിക വികസനത്തിനും അവരുടെ വൈദഗ്ധ്യം തദ്ദേശ ഭരണം കൂടുതൽ ഫലപ്രദമാക്കുന്നതിനും ഉപയോഗിക്കാൻ കഴിയണമെന്ന് കോൺക്ലേവ് നിർദ്ദേശിച്ചു. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവയുടെ പങ്ക് കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കാൻ അത്തരത്തിലുള്ള പങ്കാളിത്ത മാതൃകകൾ സഹായിക്കും. അതിനായി, ധന സമാഹരണ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം.

## ഭൂമിശാസ്ത്ര, സാംസ്കാരിക സവിശേഷതകളും സാമൂഹിക ഉൾക്കൊള്ളലും

ദീർഘകാല വികസന ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുന്നതിന് എല്ലാ സാമൂഹിക വിഭാഗങ്ങളെയും

ഉൾക്കൊള്ളണമെന്ന കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശം കോൺക്ലേവ് ഊന്നിപ്പറഞ്ഞു. സാമൂഹിക അസന്തുലിതത്വം ഒഴിവാക്കുന്നതിന് നയരൂപീകരണ ത്തിലും പദ്ധതി ആസൂത്രണത്തിലും നിർവ്വഹണ ത്തിലും ഉൾക്കൊള്ളലിന്റെ സമീപനം പ്രധാനമാണ്. ഭാഷാപരവും സാംസ്കാരികവുമായ വൈജാത്യങ്ങൾ അർഹമായ പ്രാധാന്യത്തോടെ കണക്കിലെടുക്കണം.

സാംസ്കാരിക ജീവിതത്തിന്റെ ഭിന്നമേഖലകളെ ശരിയായി ഉൾക്കൊള്ളുന്ന വികസന നയമാണ് കേരളം പിന്തുടരുന്നത്. ലിംഗഭേദം, പ്രായം, ശാരീരിക-മാനസിക അവശതകൾ എന്നിവയുടെ പേരിൽ ആരെയും മാറ്റി നിർത്താൻ അത് അനുവദിക്കുന്നില്ല.

പ്രത്യേക വിഭാഗങ്ങൾക്ക് അർഹമായ പരിഗണന യും സ്ഥാനവും ബോധപൂർവ്വം ഉറപ്പുവരുത്തുകയും ചെയ്യുന്നു. പ്രാദേശിക ഭൂമിശാസ്ത്ര, സാംസ്കാരിക സവിശേഷതകളുടെ പ്രാധാന്യം അത് അംഗീകരിക്കുന്നു. സ്വാഭാവിക ചതുപ്പുകൾ, നീരൊഴുക്കുകൾ എന്നിവയുൾപ്പെട്ട ഭൂമിശാസ്ത്ര സവിശേഷതകളും, അതോടൊപ്പം, സാംസ്കാരിക സവിശേഷതകളും സംരക്ഷിക്കണമെന്ന് കോൺക്ലേവ് നിർദ്ദേശിച്ചു.

## നയത്തിലും ഭരണത്തിലും ജനപങ്കാളിത്തം

ഭരണനടപടികളുടെ പ്രയോജനം എല്ലാ വിഭാഗം ജനങ്ങൾക്കും ലഭ്യമാകണമെങ്കിൽ ഉദ്യോഗസ്ഥ സംവിധാനവും ജനങ്ങളുമായുള്ള ആരോഗ്യകരമായ ബന്ധം ഉറപ്പിക്കണമെന്ന് കോൺക്ലേവ് നിർദ്ദേശിച്ചു.









**സാംസ്കാരിക ജീവിതത്തിന്റെ ഭിന്നമേഖലകളെ ശരിയായി ഉൾക്കൊള്ളുന്ന വികസന നയമാണ് കേരളം പിന്തുടരുന്നത്. ലിംഗഭേദം, പ്രായം, ശാരീരിക– മാനസിക അവശതകൾ എന്നിവയുടെ പേരിൽ ആരെയും മാറ്റി നിർത്താൻ അത് അനുവദിക്കുന്നില്ല.**

ജനകീയാസൂത്രണം നടപ്പിൽ വന്നതിനു ശേഷം പങ്കാളിത്ത വികസനത്തിന്റെ ഒരു ശ്രദ്ധേയ മാതൃക കേരളം വികസിപ്പിച്ചിട്ടുണ്ട്. എല്ലാ തലത്തിലുമുള്ള ജനങ്ങളുമായി സജീവ ആശയ വിനിമയം നടത്തിയാണ് നഗരനയ കമ്മീഷൻ അതിന്റെ ശുപാർശകൾ രൂപപ്പെടുത്തിയത്.

സമൂഹത്തിലെ ഒരു വിഭാഗവും ജനാധിപത്യ പ്രക്രിയയിൽ നിന്നോ സർക്കാർ സ്കീമുകളുടെ സാധ്യതകളിൽ നിന്നോ അകറ്റിനിർത്തപ്പെടരുത്. ഭരണ സംവിധാനങ്ങൾ, അതിന്റെ ഭാഗമായ ഡിജിറ്റൽ സങ്കേതങ്ങൾ എന്നിവ സംബന്ധിച്ച് കൂടുതൽ അറിവുള്ള ജനസമൂഹം ഭരണപ്രക്രിയ കൂടുതൽ ജനാധിപത്യപരമാക്കും.

വ്യത്യസ്ത മേഖലകളിലെ വിദഗ്ധർക്കും വികസന പ്രവർത്തകർക്കും സർക്കാർ സംവിധാനങ്ങൾക്കും ഇടയിലെ ഫലപ്രദമായ ആശയവിനിമയത്തിലൂടെ കോൺക്ലേവ് നഗരനയ കമ്മീഷൻ നിർദ്ദേശങ്ങളിൽ കൂടുതൽ വ്യക്തത വരുത്തി. ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും കൂടുതൽ ശക്തിപ്പെടുത്തുന്നതിനും സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾക്കും കോൺക്ലേവ് വേദിയായി.

(അവലംബം – നഗര കോൺക്ലേവ് രേഖകൾ, സെഷനുകൾ, നടപടികൾ)




# സെഷനുകളിലൂടെ

## 1

### നഗരഭരണത്തിൽ വിവരസാങ്കേതികവിദ്യയുടെയും മാധ്യമങ്ങളുടെയും പങ്ക്

ഡിജിറ്റൽ കാലഘട്ടത്തിൽ നഗരവൽക്കരണവുമായി ബന്ധപ്പെട്ട വെല്ലുവിളികൾ നേരിടുന്നതിൽ മാധ്യമങ്ങൾക്കും വിവര സാങ്കേതിക വിദ്യയ്ക്കും വിവര വ്യവസായത്തിനുമുള്ള പങ്ക് സെഷൻ വിലയിരുത്തി. ദൂരദർശൻ ഡയറക്ടർ ജനറൽ സതീഷ് നമ്പൂതിരിപ്പാട്, ഹിന്ദുസ്ഥാൻ ടൈംസ് (അർബൻ അഫയേഴ്സ്) എഡിറ്റർ ശിവാനി സിംഗ്, സീനിയർ ജേർണലിസ്റ്റ് രാജ അവസ്തി എന്നിവർ സംസാരിച്ചു.

പൗരന്മാരുടെ ജീവിതദുരിതങ്ങൾ ലഘൂകരിക്കുന്നതിനുള്ള സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നതിൽ മാധ്യമങ്ങൾ ഒരു കാവൽക്കാരന്റെ പങ്ക് വഹിക്കണം. നഗരവൽക്കരണം ഉയർത്തുന്ന വെല്ലുവിളികളുടെ സാഹചര്യത്തിൽ, ജനങ്ങളുടെ ആശങ്കകൾ തിരിച്ചറിഞ്ഞ് സംവിധാനത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിലും പരിഹാര മാർഗങ്ങൾ തേടുന്നതിലും മുൻനിരയിൽ നിൽക്കാൻ മാധ്യമങ്ങൾക്ക് കഴിയും

പൊതു അഭിപ്രായ രൂപീകരണത്തെ ശക്തമായി സ്വാധീനിക്കുന്ന സമൂഹമാധ്യമങ്ങളുടെ പങ്കും സെഷൻ ചർച്ച ചെയ്തു. പല നവമാധ്യമങ്ങളും സ്ഥിരീകരിക്കാത്ത വിവരങ്ങൾ പ്രചരിപ്പിക്കുന്നതിലൂടെ ഭരണനടപടികളുടെ വിശ്വാസ്യതയ്ക്കും ജനകീയ വികസന ലക്ഷ്യങ്ങൾക്കും ഭീഷണിയായി മാറുന്നത് പാനലിസ്റ്റുകൾ ചൂണ്ടിക്കാട്ടി. ജനങ്ങൾക്കും നയരൂപീകരണ വിദഗ്ധർക്കും ഇടയിലെ പാലമായി മാധ്യമങ്ങൾ പ്രവർത്തിക്കണം. സുതാര്യതയും ഉത്തരവാദിത്വവും ജനാധിപത്യ പങ്കാളിത്തവും ശക്തിപ്പെടുത്തി നഗരഭരണം കൂടുതൽ ഫലപ്രദമാക്കാൻ അത് സഹായിക്കുമെന്ന് സെഷൻ വിലയിരുത്തി.

## 2

### നഗരഭരണത്തിന്റെ വൈദഗ്ധ്യവൽക്കരണം

ഇന്ത്യയുടെ നഗരഭരണ സംവിധാനത്തിലെ പോരായ്മകളും അവ പരിഹരിക്കുന്നതിലെ വെല്ലുവിളികളും പരിഷ്ക്കരണ നിർദ്ദേശങ്ങളും ഈ സെഷനിൽ ചർച്ച ചെയ്തു. നഗര സേവനങ്ങളിലെ പോരായ്മകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനകാര്യ പരിമിതികൾ, പ്രൊഫഷണലുകളുടെ

കുറവ്, പദ്ധതി രൂപീകരണം, നിർവ്വഹണം എന്നിവയ്ക്കുള്ള പശ്ചാത്തല പ്രവർത്തനങ്ങളിലെ പരിമിതികൾ എന്നിവ നഗരഭരണത്തിന്റെ കാര്യക്ഷമതയെ ബാധിക്കുന്നത് ഒഴിവാക്കണമെന്ന് KSWMP ഡെപ്യൂട്ടി പ്രോജക്ട് ഡയറക്ടർ ഡോ. കെ. ഹരികുമാർ IAS നിർദ്ദേശിച്ചു. എഞ്ചിനീയറിംഗ്, ഫിനാൻസ്, പങ്കാളിത്ത സേവനങ്ങൾ (NGO, CBO) തുടങ്ങിയ മേഖലകളിൽ സവിശേഷ പ്രൊഫഷണലുകളുടെ സേവനം ആവശ്യമാണ്. ഡാറ്റ അധിഷ്ഠിത ഭരണം, സ്മാർട്ട് സൊല്യൂഷനുകൾ എന്നിവയുടെ പ്രാധാന്യം അദ്ദേഹം ഊന്നിപ്പറഞ്ഞു.

പൊതു സമൂഹത്തിന്റെ പങ്കാളിത്തവും സഹകരണവും പ്രധാനമാണെന്ന് യു എൻ ഹാബിറ്റാറ്റ് ഇന്ത്യ കൺട്രി മാനേജർ ശ്രീമതി പരുൾ അഗർവാല പറഞ്ഞു. കമ്മ്യൂണിറ്റി ഫീഡ്ബാക്ക്, ഡൈനാമിക് പ്ലാനിംഗ് ഡോക്യുമെന്റുകൾ എന്നിവ ഇതിന് ആവശ്യമാണ്. സംവിധാനത്തിലെ പരിഷ്ക്കരണം, ജനങ്ങളുടെ വൈദഗ്ധ്യം മെച്ചപ്പെടുത്തൽ, പ്രാദേശിക തലത്തിലുള്ള ബിസിനസ് പ്രോസസ് പരിഷ്ക്കരണം, വിവര അടിസ്ഥാന സൗകര്യങ്ങൾ, ഓപ്പൺ ഡാറ്റ ആക്സസ് എന്നിവ ഉൾക്കൊള്ളുന്ന ഒരു റോഡ് മാപ്പും അവർ അവതരിപ്പിച്ചു. കാര്യക്ഷമത, ഉത്തരവാദിത്വം, ഉൾക്കൊള്ളൽ എന്നിവയാണ് ഭരണത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾ ആകേണ്ടതെന്ന് അവർ അഭിപ്രായപ്പെട്ടു. വികസനനയവും ഭരണനിർവ്വഹണവും ശേഷി വികസനവും കൈകോർക്കണമെന്ന് GIZ ഇന്ത്യ ടെക്നിക്കൽ അഡ്വൈസർ ശ്രീ. ഷിരിഷ് മഹേന്ദ്രു അഭിപ്രായപ്പെട്ടു. സ്കിൽ മാപ്പിംഗ്, പരിശീലനം, സംഘടനാ തലത്തിലെ തടസ്സങ്ങൾ പരിഹരിക്കൽ എന്നിവ കാര്യക്ഷമമായ ഭരണത്തിന് അനിവാര്യമാണെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു.

ആസൂത്രണവും ഭരണവും ആഴത്തിൽ ബന്ധപ്പെട്ടതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) ആശ അജോയ് ഘോഷ് പറഞ്ഞു. പ്രൊഫഷണലുകളുടെ കുറവ്, ഏകോപനമില്ലായ്മ, ആവശ്യത്തിന് ഫോളോ-അപ്പ് ഇല്ലാത്തത്, സ്ഥലപര പ്ലാനുകളെ പ്രൊജക്ടുകളാക്കി മാറ്റാൻ കഴിയാതിരിക്കൽ തുടങ്ങിയവ മാസ്റ്റർ പ്ലാനുകൾ നടപ്പിലാകുന്നതിന് തടസ്സമാകരുത്.

പ്രാദേശിക തലത്തിൽ നഗര പ്ലാനർമാരുടെ ലഭ്യത, വകുപ്പുകൾ തമ്മിലുള്ള മാതൃകാപരമായ ഏകോപനം, GIS അടിസ്ഥാനത്തിലുള്ള ഓപ്പൺ ഡാറ്റ, ഗവേഷണത്തിന്റെയും ശാസ്ത്രീയമായി സമാഹരിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിലുള്ള ആസൂത്രണം (evidence based planning), കുറഞ്ഞ ചിലവിലുള്ള ചെറുകിട ഇടപെടലുകൾക്ക് പ്രാധാന്യം നൽകുന്ന നഗരവികസനം (tactical urbanism), മൂല്യവർധനവിന്റെ മെച്ചം പദ്ധതികളുടെ ധനസമാഹരണത്തിനായി ഉപയോഗിക്കൽ (value - capture finance) അക്കാദമിക് വിദഗ്ധന്മാർക്കും നിർവ്വഹണ അധികാരികൾക്കും ഇടയിലുള്ള സാങ്കേതിക അറിവുകളുടെ കൈമാറ്റം എന്നിവയുടെ ആവശ്യകത അവർ വ്യക്തമാക്കി. ജനസംഖ്യാ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കുന്ന ഡിജിറ്റൽ കഡസ്ട്രൽ മാപ്പുകൾ തുറന്ന പ്ലാറ്റ്ഫോമുകളിൽ ലഭ്യമാക്കുന്നത് കാര്യക്ഷമമായ നിരീക്ഷണത്തിനും ജനങ്ങളുടെ യഥാസമയ പ്രതികരണങ്ങൾ കണക്കിലെടുത്ത് ഭരണം മെച്ചപ്പെടുത്തുന്നതിനും സഹായകമാകുമെന്ന് അവർ കൂട്ടിച്ചേർത്തു.

ആസൂത്രണ വിദ്യാഭ്യാസത്തിലെ പോരായ്മ നഗരഭരണത്തിൽ ദൗർബല്യങ്ങൾക്ക് ഇടയാക്കുമെന്ന് ITPI - കേരള ചാപ്റ്റർ ചെയർമാൻ രാജേഷ് പി.എൻ അഭിപ്രായപ്പെട്ടു. ആസൂത്രണത്തിന്റെ സാങ്കേതിക, വിശകലനാത്മക, മൂല്യ വർധന ഘടകങ്ങൾക്ക് ഉപരി വിദ്യാഭ്യാസ രംഗത്ത് കൂടുതൽ പ്രാധാന്യം ലഭിക്കണം. പ്രാദേശിക തലത്തിലെ ആസൂത്രണ വിദഗ്ധരുടെ കുറവ് ജനങ്ങളുടെ പ്രതീക്ഷകൾ നിറവേറ്റുന്ന ഉന്നത നിലവാരത്തിലുള്ള പ്രൊജക്ടുകൾ ഏറ്റെടുക്കാൻ തടസ്സമാകുന്നുവെന്ന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അർബൻ അഫയേഴ്സ് ടീം ലീഡർ

**പൗരന്മാരുടെ ജീവിതദുരിതങ്ങൾ ലഘൂകരിക്കുന്നതിനുള്ള സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നതിൽ മാധ്യമങ്ങൾ ഒരു കാവൽക്കാരന്റെ പങ്ക് വഹിക്കണം.**



**നഗരഭരണം വിദഗ്ധവൽക്കരിക്കുന്നതിന് സ്ഥാപനപരവും മാനവവിഭവപരവും സാങ്കേതികവും ധനപരവുമായ വിടവുകൾ നികത്തുകയും ശേഷി വികസനത്തിനും ശാസ്ത്രീയ വിവരശേഖരണത്തിനും അതിന്റെ അടിസ്ഥാനത്തിൽ മികച്ച ആസൂത്രണത്തിനും ഊന്നൽ നൽകുകയും വേണം**

രുചി ഗുപ്ത ചൂണ്ടിക്കാട്ടി. നഗരകാര്യ ഉദ്യോഗസ്ഥരുടെ തുടർച്ചയായ ശേഷി വികാസത്തിന്റെ പ്രാധാന്യം അവർ എടുത്തു കാട്ടി.

നഗരഭരണം വിദഗ്ധവൽക്കരിക്കുന്നതിന് സ്ഥാപനപരവും മാനവവിഭവപരവും സാങ്കേതികവും ധനപരവുമായ വിടവുകൾ നികത്തുകയും ശേഷി വികസനത്തിനും ശാസ്ത്രീയ വിവരശേഖരണത്തിനും അതിന്റെ അടിസ്ഥാനത്തിൽ മികച്ച ആസൂത്രണത്തിനും ഊന്നൽ നൽകുകയും വേണമെന്ന് സെഷൻ ഒറ്റക്കെട്ടായി ചൂണ്ടിക്കാട്ടി.

# 3

## സിവിൽ സമൂഹ സംഘടനകൾ

73, 74 ഭരണഘടനാ ഭേദഗതികളുടെ തുടർച്ചയായ അധികാര വികേന്ദ്രീകരണം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതൽ പ്രായോഗികമായി നടപ്പിലാക്കിയത് കേരളമാണെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പ് റൂറൽ ഡയറക്ടർ അപൂർവ ത്രിപാഠി IAS പറഞ്ഞു. പൗരന്മാർ സേവനങ്ങൾക്കായി തദ്ദേശസ്ഥാപനങ്ങളെ ആശ്രയിക്കുകയും അവ ജനങ്ങളെ വിശ്വാസത്തിൽ എടുക്കുകയും ചെയ്യുന്നു. മറ്റ് സംസ്ഥാനങ്ങളിൽ കേരളത്തിലേതു പോലെ ധനവും അധികാരവും തദ്ദേശ സ്ഥാപനങ്ങൾക്ക് പൂർണ്ണമായി കൈമാറിയിട്ടില്ലെന്ന് സെൻറർ ഫോർ മൈഗ്രേഷൻ ആൻഡ് ഇൻക്ലൂസീവ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ബിനോയ് പീറ്ററും ചൂണ്ടിക്കാണിച്ചു.

ഇന്ത്യയിലെ നഗരവൽക്കരണ പ്രതിസന്ധി, നഗരങ്ങളിലെ തുറസ്സായ ഇടങ്ങളുടെ കുറവ്, പരിസ്ഥിതി സമ്മർദ്ദം, പാശ്ചാത്യ നഗര മാതൃകകളെ അശാസ്ത്രീയമായി അനുകരിച്ചതിന്റെ ഫലമായ പരിമിതികൾ എന്നിവ ന്യൂഡെൽഹി ആക്ഷൻ എയ്ഡ് അസോസിയേഷൻ ഇന്ത്യ ഡയറക്ടർ സന്ദീപ് ചാച്ര ചൂണ്ടിക്കാട്ടി. ജനാധിപത്യവൽക്കരണം, സാമൂഹ്യനീതി, പാർപ്പിടാവകാശം, പൗരസ്വാതന്ത്ര്യവും പൗരന്മാരുടെ അന്തസ്സും, കാലാവസ്ഥാ നീതി എന്നിവയെ അടിസ്ഥാനമാക്കിയാണ് നമ്മുടെ നഗര വികസനം ആസൂത്രണം ചെയ്യേണ്ടതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

നഗരപദ്ധതികളിൽ സിവിൽ സമൂഹ സംഘടനകൾക്ക്(CSOs) നിർണായക പങ്ക് വഹിക്കാനുണ്ടെന്ന് ഡോ. ബിനോയ് പീറ്റർ പറഞ്ഞു. അവ സേവനത്തിലെ കുറവുകൾ നികത്തുകയും പ്രശ്നങ്ങൾ സംവിധാനത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും പ്രവാസികൾ, വീടുകളിൽ ഒതുങ്ങി കഴിയുന്നവർ, പ്രായം ചെന്നവർ, വൈകല്യങ്ങൾ ഉള്ളവർ എന്നിവർ പിന്തള്ളപ്പെട്ടു പോകുന്നത് തടയുകയും ചെയ്യുന്നു. സിഎസ്ഒകൾ ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ട പ്രാദേശിക സർക്കാരുകൾക്ക് എതിരായല്ല, അവയോട് ഒപ്പം ചേർന്നാണ് പ്രവർത്തിക്കേണ്ടതെന്ന് കില അസോസിയേറ്റ് പ്രൊഫസർ ഡോ. പീറ്റർ എം. രാജ് നിർദേശിച്ചു. അവഗണിക്കപ്പെടുകയും തീരുമാനമെടുക്കലിൽ നിന്ന് ഒഴിവാക്കപ്പെടുകയും ചെയ്യുന്ന സാമൂഹ്യ വിഭാഗങ്ങളെ തദ്ദേശഭരണവുമായി ബന്ധിപ്പിക്കാൻ സിവിൽ സമൂഹ സംഘടനകൾക്ക് കഴിയണമെന്ന് ഡോ. എസ്ത മരിയം സെൽവം പറഞ്ഞു.






പൊതു ജീവിത നിലവാരം ഉയർത്തുക, ദുർബല ജനവിഭാഗങ്ങളെ ശാക്തീകരിക്കുക, ഭരണത്തിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കുക എന്നിവയായിരിക്കണം സിവിൽ സമൂഹ സംഘടനകളുടെ ലക്ഷ്യമെന്ന് സെഷൻ ഒറ്റക്കെട്ടായി ചൂണ്ടിക്കാട്ടി. വളർച്ച എല്ലാവരെയും ഉൾക്കൊള്ളുന്നുണ്ട് എന്ന് ഉറപ്പാക്കുക, സമൂഹ പങ്കാളിത്തം ശക്തിപ്പെടുത്തുക, സാമൂഹ്യ നീതിയും പൗരന്റെ അവകാശങ്ങളും ഉറപ്പാക്കുക എന്നിവയിൽ സിവിൽ സമൂഹ സംഘടനകൾ വഹിക്കുന്ന നിർണ്ണായക പങ്ക് ചർച്ചകൾ ഊന്നിപ്പറഞ്ഞു.

# 4

## പ്രാദേശിക സാമ്പത്തിക വികസന ചട്ടക്കൂട്

പ്രാദേശിക സമ്പദ്‌വ്യവസ്ഥകളെ ശക്തിപ്പെടുത്തുന്നതിനും ഗ്രാന്റ് ആശ്രിത വികസനത്തിൽ നിന്ന് നിക്ഷേപ അധിഷ്ഠിത വളർച്ചയിലേക്ക് മാറുന്നതിനുമുള്ള മാർഗങ്ങൾ സെഷൻ വിശദമായി ചർച്ച ചെയ്തു. സർക്കാർ, സ്വകാര്യ മേഖല, എൻ.ജിഒകൾ, പൗരസംഘങ്ങൾ എന്നിവയെ ഏകോപിപ്പിക്കുന്ന മൾട്ടി-ലെവൽ ഫ്രെയിംവർക്കുകളുടെ ആവശ്യകത മുൻ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ ചൂണ്ടിക്കാട്ടി. ദക്ഷിണാഫ്രിക്ക, സിംഗപ്പൂർ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള മാതൃകകൾ അവർ പങ്കുവെച്ചു. ചെറുനഗരങ്ങൾക്കു പോലും ദീർഘകാല വികസന കാഴ്ചപ്പാട് ആവശ്യമാണെന്ന് അവർ അഭിപ്രായപ്പെട്ടു.

നഗര തദ്ദേശസ്ഥാപനങ്ങളുടെ സാമ്പത്തിക ചുമതല പുതുക്കി നിർവചിക്കണമെന്ന് കേരള നഗരനയ കമ്മീഷൻ സഹാധ്യക്ഷൻ ഡോ. ഇ. നാരായണൻ അഭിപ്രായപ്പെട്ടു. പ്രാദേശിക തല ആസൂത്രണം, വികസന മാർഗനിർദ്ദേശങ്ങളുടെ പരിഷ്കരണം, ശക്തവും ഉൾക്കൊള്ളലിൽ അധിഷ്ഠിതവുമായ നഗരസമ്പദ്‌വ്യവസ്ഥകൾക്ക് സഹായകരമായ വികേന്ദ്രീകരണ നയം എന്നിവയുടെ പ്രാധാന്യം അദ്ദേഹം വ്യക്തമാക്കി.

സംരംഭകത്വം, പൊതുനിക്ഷേപം, ശേഷി വികസനം എന്നിവയാണ് പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഹൃദയമെന്ന് ആസൂത്രണ ബോർഡ് അംഗം ജിജു പി. അലക്സ് ചൂണ്ടിക്കാട്ടി. കുടുംബശ്രീയെ ശക്തമായ കമ്മ്യൂണിറ്റി-ബേസ്ഡ് മോഡലായി അദ്ദേഹം വിലയിരുത്തി. നീതി ആയോഗിന്റെ കോഓപ്പറേറ്റീവ് ഫെഡറലിസം മാതൃക, ബിസിനസ് ഗ്രൂപ്പുകളുമായുള്ള ബന്ധങ്ങൾ, ട്രാൻസിറ്റ്-ഓറിയന്റഡ് ഡെവലപ്മെന്റ്, ഹൈപ്പർലോക്കൽ തൊഴിലവസര സൃഷ്ടി എന്നിവയുടെ ആവശ്യകത അദ്ദേഹം വിശദീകരിച്ചു.

സി.ഡി.എസ്. ഡയറക്ടർ പ്രൊഫ. സി. വീരമണി കേരളത്തിന്റെ ചരിത്രപരമായ ആഗോള ബന്ധങ്ങൾ ചൂണ്ടിക്കാട്ടി. ടൂറിസവും ആരോഗ്യരംഗവും നഗരങ്ങളെ ആഗോള സാമ്പത്തിക പ്രവാഹത്തിന്റെ കവാടങ്ങളാക്കി മാറ്റുന്നുവെന്ന് അദ്ദേഹം നിരീക്ഷിച്ചു. വേൾഡ് ബാങ്ക് സൗത്ത് ഏഷ്യ ലീഡ് അർബൻ സ്പെഷ്യലിസ്റ്റ് ഡോ . ബാലകൃഷ്ണ മേനോൻ പി. ഗ്രീൻ

**അവഗണിക്കപ്പെടുകയും തീരുമാനമെടുക്കലിൽ നിന്ന് ഒഴിവാക്കപ്പെടുകയും ചെയ്യുന്ന സാമൂഹ്യവിഭാഗങ്ങളെ തദ്ദേശഭരണവുമായി ബന്ധിപ്പിക്കാൻ സിവിൽ സമൂഹ സംഘടനകൾക്ക് കഴിയണം**



ട്രാൻസ്ഫോർമേഷൻ, വ്യാപാര പുനഃസംഘടന, ഡിജിറ്റലൈസേഷൻ തുടങ്ങിയ പ്രവണതകൾ ചൂണ്ടിക്കാട്ടി. ഉൽപ്പാദന ക്ലസ്റ്ററുകളെ പ്രയോജനപ്പെടുത്തുകയും ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതു പോലുള്ള ചെലവുകൾ നേരിടുകയും ചെയ്യുന്ന സംവിധാനങ്ങളുടെ ആവശ്യകത അദ്ദേഹം ഓർമ്മിപ്പിച്ചു.

അർബൻ ഇക്കണോമി ഫോറം സെക്രട്ടറി ജനറൽ അനന്തകൃഷ്ണൻ ബ്രസീൽ, ദക്ഷിണാഫ്രിക്ക എന്നിവിടങ്ങളിലെ മാതൃകകൾ അവതരിപ്പിച്ചു. ഇൻക്ലൂസീവ് ഫിനാൻസിംഗ്, സ്ത്രീകൾ നേതൃത്വം നൽകുന്ന സംരംഭങ്ങൾ, സ്വകാര്യ നിക്ഷേപത്തിലൂടെ പ്രവർത്തിക്കുന്ന ഐ.ടി ക്ലസ്റ്ററുകൾ എന്നിവയുടെ സാധ്യതകൾ അദ്ദേഹം ചൂണ്ടിക്കാട്ടി. CGAPP ഡയറക്ടർ അനിന്ദ്യ സെൻഗുപ്ത സർവീസ് മേഖലയും സ്റ്റാർട്ടപ്പുകളും നിക്ഷേപ വളർച്ചയിൽ പ്രധാന ഘടകങ്ങളാകുന്ന പ്രവണത എടുത്തുകാട്ടി.

**കേരളത്തിലെ നഗരങ്ങളെ സുസ്ഥിര പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ എഞ്ചിനുകളാക്കി മാറ്റാൻ പുതുമയാർന്ന , നിക്ഷേപ സൗഹൃദ ഫ്രെയിംവർക്കുകൾ രൂപപ്പെടുത്തണം**

കേരളത്തിലെ നഗരങ്ങളെ സുസ്ഥിര പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ എഞ്ചിനുകളാക്കി മാറ്റാൻ പുതുമയാർന്ന , നിക്ഷേപ സൗഹൃദ ഫ്രെയിംവർക്കുകൾ രൂപപ്പെടുത്തേണ്ടതിന്റെ ആവശ്യകത സെഷൻ ഊന്നിപ്പറഞ്ഞു.

## 5

## കെയർ–സെൻട്രിക് നഗരങ്ങൾ

നന്നായി രൂപകൽപ്പന ചെയ്ത നഗരങ്ങളും സമീപപ്രദേശങ്ങളും ചിന്താവൈഭവമുള്ള തലച്ചോറുകൾ വളർത്തിയെടുക്കുമെന്ന് സെഷനിൽ ഓൺലൈനായി പങ്കെടുത്ത HKS ഗ്ലോബൽ സെക്ടർ ഡയറക്ടറും (ഇന്നവേഷൻ), പാർട്ണർ & എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റുമായ ഡോ. ഉപാലി നന്ദ പറഞ്ഞു. ആകർഷകവും ആരോഗ്യകരവുമായ സൗന്ദര്യാത്മക അന്തരീക്ഷം അതിന് അനിവാര്യമാണ്. മുതിർന്നവർ, വൈകല്യങ്ങൾ ഉള്ളവർ എന്നിവരുടെ പ്രത്യേക ആവശ്യങ്ങൾ നഗര രൂപകൽപ്പനയിൽ പരിഗണിക്കണം. ഭൗതിക, മാനസിക, സാമൂഹിക

ക്ഷേമം ഉറപ്പാക്കുന്നതിന് പുതുമയാർന്ന ഡിസൈൻ, പ്ലാനിംഗ് രീതികൾ ആവശ്യമാണെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

അഹമ്മദാബാദ് CEPT യൂണിവേഴ്സിറ്റി സീനിയർ അസോസിയേറ്റ് പ്രൊഫസർ ഡോ. റിതുൽ ജോഷി ബഹുജന കേന്ദ്രീകൃത നഗര സങ്കല്പം സംബന്ധിച്ച തന്റെ നിലപാട് പങ്കുവെച്ചു. നഗര പദ്ധതികൾ രൂപ കല്പന ചെയ്യുമ്പോൾ പലപ്പോഴും ജനങ്ങളുടെ ജീവിതരീതികൾ, സ്ഥലപരമായ സവിശേഷതകൾ എന്നിവ പരിഗണിക്കാറില്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഉപയോക്താക്കൾക്ക് നിയമപരമായി അവകാശമില്ലാത്ത ഭൂമികൾ, ചേരികൾ, തെരുവ് വ്യാപാരം എന്നിവ പ്രത്യേകം പരിഗണിച്ച് നിരത്തുകളും നഗര അടിസ്ഥാന സൗകര്യങ്ങളും ആസൂത്രണം ചെയ്യണ മെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ട്രാൻസ്പോർട്ടേഷൻ ആൻഡ് ഡെവലപ്മെന്റ് പോളിസി (ITDP) മാനേജിങ് ഡയറക്ടർ അശ്വതി ദിലീപ് 'കെയർ സിറ്റീസ് - മൊബിലിറ്റിയുടെ



**മുതിർന്നവർ, വൈകല്യങ്ങൾ ഉള്ളവർ എന്നിവരുടെ പ്രത്യേക ആവശ്യങ്ങൾ നഗര രൂപ കൽപ്പനയിൽ പരിഗണിക്കണം. ഭൗതിക, മാനസിക, സാമൂഹിക ക്ഷേമം ഉറപ്പാക്കുന്നതിന് പുതുമയാർന്ന ഡിസൈൻ, പ്ലാനിംഗ് രീതികൾ ആവശ്യമാണ്**



പശ്ചാത്തലത്തിൽ' എന്ന വിഷയത്തിൽ സംസാരിച്ചു. ചെന്നൈ, പൂനെ എന്നിവിടങ്ങളിലെ നഗരവികസന പ്രൊജക്ടുകളുടെ അനുഭവവും ഡിസൈൻ പരീക്ഷണ ങ്ങളും അവർ പങ്കുവെച്ചു. മോട്ടോർഇതര ഗതാഗതം (Non-Motorised Transport), നടപ്പാതകൾ, പാർക്കിംഗ് നയങ്ങൾ എന്നിവ മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത അവർ വ്യക്തമാക്കി. തെരുവുകളെ ജീവസ്സുള്ള പൊതു സ്ഥലങ്ങളാക്കി മാറ്റിയ അനുഭവങ്ങൾ അവർ അവതരിപ്പിച്ചു. സുരക്ഷിതവും, സാധാരണക്കാർക്ക് താങ്ങാവുന്നതും സുസ്ഥിരവുമായ നഗരജീവിതത്തിന് നീതിയുക്തമായ ഗതാഗത സംവിധാനത്തിന്റെ പ്രാധാന്യം അവർ ചൂണ്ടിക്കാട്ടി.

പ്രായം ചെന്നവർ, വൈകല്യമുള്ളവർ, സ്ത്രീകൾ എന്നിവരുടെ പ്രത്യേക ആവശ്യങ്ങൾ നയങ്ങളിലും ഡിസൈനുകളിലും മൊബിലിറ്റി സംവിധാനങ്ങളിലും ഉൾപ്പെടുത്തുന്നുണ്ടെന്ന് സർക്കാർ ഉറപ്പുവരുത്തുമെന്ന് തദ്ദേശ സ്വയംഭരണ (& സോഷ്യൽ ജസ്റ്റിസ്) വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഡോ. അദീല അബ്ദുല്ല വ്യക്തമാക്കി. പൊതു സ്ഥലങ്ങളുടെ സമഗ്ര ഡിസൈൻ ഈ വിഭാഗങ്ങളുടെ പ്രത്യേക ആവശ്യങ്ങൾ കൂടി പ രിഗണിക്കണമെന്നും, കെയർ-സെൻട്രിക് ഡിസൈനു



കൾക്കായി പ്രത്യേകം ബജറ്റ് വകയിരുത്തണമെന്നും PWD ഡെപ്യൂട്ടി ചീഫ് ആർക്കിടെക്റ്റ് സി.പി. ബാലമുരുകൻ നിർദ്ദേശിച്ചു. കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് മാനേജിങ് ഡയറക്ടർ ഡോ. മനോജ് കുമാർ കേരള സർക്കാരിന്റെ ഡിസൈൻ പോളിസി വിശദീകരിച്ചു. വിവിധ ഡിസൈൻ പദ്ധതികൾക്ക് ജനങ്ങളിൽ നിന്ന് അനുകൂല പ്രതികരണം ലഭിക്കുന്നുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി.

GIZ ഇന്ത്യ ടെക്നിക്കൽ അഡ്വൈസർ ഡോ. ഫാത്തിം റാഷ്നാ കല്ലിങ്ങൽ സെൻറർ ഫോർ പബ്ലിക് പോളിസി ആൻഡ് റിസർച്ചിലെ നിഖിൽ എന്നിവർ കൊച്ചി കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികളും ജന്റർ സെൻസിറ്റീവ് മാനദണ്ഡങ്ങൾ നടപ്പിലാക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടുകളും ചൂണ്ടിക്കാട്ടി.

പൊതു സ്ഥലങ്ങളും മൊബിലിറ്റിയും ഏറ്റവും ദുർബലരായ വിഭാഗങ്ങളുടെ ആവശ്യങ്ങൾ ഉൾക്കൊള്ളുന്ന തരത്തിൽ രൂപപ്പെടുത്തേണ്ടതിന്റെ ആവശ്യകത അഡ്വ. സ്മൃതി ശശിധരൻ ചൂണ്ടിക്കാട്ടി.

**സമഗ്രമായ മാസ്റ്റർ പ്ലാൻ വഴി നഗരങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള സ്ഥലം ഉറപ്പാക്കണം**

നഗരങ്ങൾ കെട്ടിടങ്ങളും അടിസ്ഥാന സൗകര്യങ്ങളും മാത്രമല്ല. എല്ലാ വിഭാഗങ്ങൾക്കും ഉൾക്കൊള്ളലും മാന്യതയും കരുതലും ഉറപ്പുവരുത്തുന്ന തരത്തിൽ നഗരത്തിന്റെ എല്ലാ ഘടകങ്ങളും രൂപകല്പന ചെയ്യേണ്ടതിന്റെ ആവശ്യകത സെഷൻ ചൂണ്ടിക്കാട്ടി. വൈകല്യമുള്ളർ, പ്രായം ചെന്നവർ എന്നിവരെ പ്രത്യേകം പരിഗണി

ക്കുന്ന സംവിധാനങ്ങൾ നഗരാസൂത്രണത്തിൽ പ്രധാനമാണ്. സാമൂഹിക ഒറ്റപ്പെടൽ, ലഹരി ആഭി മുഖ്യം എന്നിവയെ നേരിടാൻ ഇത് അനിവാര്യ മാണെന്ന് ചർച്ചകൾ വ്യക്തമാക്കി.

# 6

## കൂട്ടുത്തരവാദ തദ്ദേശഭരണം

സ്ഥാപനപരമായ പരിഷ്കാരങ്ങൾ, പൗര പങ്കാളിത്തം, നഗര തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളുടെ പ്രൊഫഷണൽ മികവ് വർദ്ധിപ്പിക്കൽ എന്നിവയിലൂടെ നഗരഭരണം ശക്തിപ്പെടുത്താനുള്ള വഴികൾ സെഷൻ പരിശോധിച്ചു. കേരള നഗരനയ കമ്മീഷൻ അംഗം ടിക്കന്ദർ സിംഗ് പൻവാർ കേരളത്തിലെ നഗര ഭരണക്രമത്തിന്റെ അവലോകനം അവതരിപ്പിച്ചു. സ്ഥലപര ആസൂത്രണത്തിന് ബഡ്ജറ്റിൽ ആവശ്യമായ പരിഗണന ലഭിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം ചൂണ്ടിക്കാട്ടി. ഭരണത്തിലെ ഉൾക്കൊള്ളൽ സമീപനം, ഡിജിറ്റൽ ഭരണം എന്നിവയുടെ പ്രാധാന്യം അദ്ദേഹം വ്യക്തമാക്കി.

സംസ്ഥാന മന്ത്രിസഭയെ മാതൃകയാക്കി സിറ്റി കാബിനറ്റ് രൂപീകരിക്കുക, വികസന പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ ചീഫ് എക്സിക്യൂട്ടീവിനെ നിയമിക്കുക, മാസ്റ്റർപ്ലാനും ബജറ്റും തമ്മിലുള്ള ഏകീകരണം ഉറപ്പാക്കാൻ സിറ്റി മാനേജരെ നിയമിക്കുക, ജനാധിപത്യവൽക്കരണത്തിന് അയൽ സഭ പോലുള്ള ഘടനകൾ നടപ്പാക്കുക, തൊഴിലാളി, പൗര, യുവജന പങ്കാളിത്ത കൗൺസിലുകൾ രൂപീകരിക്കുക, വാർഡ് കമ്മിറ്റികൾ പരിഷ്കരിക്കുക, ഡിജിറ്റൽ ജനാധിപത്യ ഫോറങ്ങൾ രൂപപ്പെടുത്തുക മുതലായ നയ ശുപാർശകൾ അദ്ദേഹം അവതരിപ്പിച്ചു.

കേരള നഗരനയ കമ്മീഷൻ അംഗം അഡ്വ. എം. അനിൽകുമാർ നഗരസഭകൾക്ക് സാമ്പത്തിക സ്വയംപ ര്യാപ്തത ഉറപ്പാക്കേണ്ടതിന്റെ പ്രാധാന്യം ചൂണ്ടിക്കാട്ടി. ആസൂത്രണ വിദഗ്ധർ, കാലാവസ്ഥാ വിദഗ്ധർ, നിയമ ഉപദേഷ്ടാക്കൾ തുടങ്ങിയ പ്രൊഫഷണലുകളെ കുറഞ്ഞത് അഞ്ച് വർഷത്തേക്കെങ്കിലും തദ്ദേശസ്ഥാപനങ്ങളിൽ നിയമിച്ച് തുടർച്ചയും കാര്യക്ഷമതയും ഉറപ്പാക്കാവുന്നതാണെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

കേരളത്തിലെ അതിവേഗ നഗരവൽക്കരണം ഉയർത്തുന്ന വെല്ലുവിളികൾ നേരിടാൻ സ്വതന്ത്ര ന ഗരനയം അനിവാര്യമാണെന്ന് കില ഡയറക്ടർ ജന റൽ നിസാമുദ്ദീൻ എ ഐഎഎസ് പറഞ്ഞു. തദ്ദേശഭരണത്തിന് പ്രൊഫഷണൽ സ്വഭാവം, നിയമപരമായ വ്യക്തത, മാനവവിഭവ ലഭ്യത എന്നിവ ഉറപ്പാക്കണം. ശേഷി വർദ്ധന, സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണം, പൗരകേന്ദ്രിത സംവിധാനങ്ങൾ എന്നിവയുടെ ആവശ്യകത അദ്ദേഹം ചൂണ്ടിക്കാട്ടി.

**പൊതു സ്ഥലങ്ങളും മൊബിലിറ്റിയും ഏറ്റവും ദുർബലരായ വിഭാഗങ്ങളുടെ ആവശ്യങ്ങൾ ഉൾക്കൊള്ളുന്ന തരത്തിൽ രൂപപ്പെടുത്തണം.**
**നഗരങ്ങൾ കെട്ടിടങ്ങളും അടിസ്ഥാന സൗകര്യങ്ങളും മാത്രമല്ല.**
**എല്ലാ വിഭാഗങ്ങൾക്കും ഉൾക്കൊള്ളലും മാന്യതയും കരുതലും ഉറപ്പുവരുത്തുന്ന തരത്തിൽ നഗരത്തിന്റെ എല്ലാ ഘടകങ്ങളും രൂപകല്പന ചെയ്യണം**

ICLEI സൗത്ത് ഏഷ്യ ഡെപ്യൂട്ടി ഡയറക്ടർ ഇമാനി കുമാർ, ഔദ്യോഗിക നഗരനയ കമ്മീഷൻ രൂപീകരിച്ച രാജ്യത്തെ ആദ്യ സംസ്ഥാനമെന്ന നിലയിൽ കേരളത്തെ പ്രശംസിച്ചു. സംസ്ഥാനത്തെ ന ഗരവൽക്കരണത്തിന്റെ സങ്കീർണ്ണതയും പദ്ധതികളിലെ പൊതുജന പങ്കാളിത്തവും അദ്ദേഹം ചൂണ്ടിക്കാട്ടി.

മുംബൈ പ്രജ ഫൗണ്ടേഷൻ സിഇഒ മിലിന്ദ് മസ്കെ മുനിസിപ്പൽ ധനകാര്യ സംവിധാനങ്ങൾ ശക്തിപ്പെടുത്താനും ഡി.പി.സി മാതൃകയിൽ ഒരു ഏകീകൃത സംസ്ഥാന തല പ്ലാനിംഗ് അതോറിറ്റി രൂപ പ്പെടുത്താനും നിർദ്ദേശിച്ചു. പങ്കാളിത്ത ബജറ്റ് തയ്യാറാക്കൽ, പദ്ധതികളിൽ പൗര പ്രതികരണം തേടൽ എന്നിവയുടെ ആവശ്യകത അദ്ദേഹം ചൂണ്ടിക്കാട്ടി.

സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി ചെയർമാൻ ടി.കെ. രമീഷ് നഗരഭരണത്തിൽ യുവജനങ്ങളുടെ പങ്കാളിത്തം കൂടുതൽ ഉറപ്പാക്കേണ്ടതാണെന്ന് അഭിപ്രായപ്പെട്ടു. കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സെന്ററുകൾ, പ്രതിനിധികൾക്കുള്ള മെച്ചപ്പെട്ട കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുകൾ, ഹോണറേറിയം വർദ്ധിപ്പിക്കൽ, മുനിസിപ്പൽ കേഡർ രൂപീകരണം, വിദ്യാർത്ഥി കൗൺസിലുകൾ വഴി കുട്ടികളെ പൗരകേന്ദ്രികൃത ആസൂത്രണ പ്ര ക്രിയയിൽ ഉൾപ്പെടുത്തൽ മുതലായ നിർദ്ദേശങ്ങൾ അദ്ദേഹം മുന്നോട്ടു വച്ചു.

സുസ്ഥിര വികസനം, സമത്വം, ഉൾക്കൊള്ളൽ, പൗരശാക്തീകരണം എന്നിവ ഉറപ്പാക്കി ഏകീകൃതവും ജനാധിപത്യപരവുമായി പ്രവർത്തിക്കുന്ന വിധത്തിൽ

തദ്ദേശഭരണ സംവിധാനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തണമെന്ന് സെഷൻ ഏകകണ്ഠമായി അഭിപ്രായപ്പെട്ടു.

# 7

## സെഷൻ: ഡിജിറ്റൽ പ്ലാനിംഗും ഡിജിറ്റൽ ഭരണവും

നഗര പദ്ധതിയിലും ഭരണനിർവഹണത്തിലും ഡിജിറ്റൽ സാങ്കേതികവിദ്യകൾ, സ്മാർട്ട് പ്ലാറ്റ്ഫോമുകൾ, ഡാറ്റാ അധിഷ്ഠിത ഭരണരീതികൾ എന്നിവ വഹിക്കുന്ന പങ്ക് സെഷൻ പരിശോധിച്ചു.

കോഴിക്കോട് ഐ.ഐ.എം ഡയറക്ടറും കേരള നഗരനയ കമ്മീഷന്റെ ഡിജിറ്റൽ പ്ലാനിംഗ് ആൻഡ് ഗവർണൻസ് ടാസ്ക് ഫോഴ്സ് സഹാധ്യക്ഷനുമായ പ്രൊഫ. സജി ഗോപിനാഥ് നഗരഭരണത്തിൽ ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങളുടെ പ്രാധാന്യവും ഡിജിറ്റൽ നഗരപദ്ധതിയിലേക്കുള്ള മാറ്റത്തിന്റെ ആവശ്യകതയും വ്യക്തമാക്കി. ഇൻഫർമേഷൻ കേരള മിഷൻ (IKM) ചീഫ് മിഷൻ ഡയറക്ടർ ഡോ. സന്തോഷ് ബാബു ഐഎഎസ് ഇ - സേവനങ്ങൾ ഉപയോഗപ്പെടുത്തി ഭരണം സുസ്ഥിരമാക്കേണ്ടതിന്റെ പ്രാധാന്യം ചൂണ്ടിക്കാട്ടി.

**കൂടുതൽ ഫലപ്രദവും പൗരകേന്ദ്രിതവുമായ ഭരണത്തിലേക്കുള്ള വലിയ ചുവടുവയ്പാണ് കെ–സ്മാർട്ട്. അതിലൂടെ വേഗത്തിൽ സേവനങ്ങൾ ലഭ്യമാക്കാനും കൂടുതൽ നിഷ്പക്ഷമായി ഉത്തരവാദിത്വത്തോടെ യഥാസമയം തീരുമാനങ്ങൾ എടുക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയും**




ജിഐഎസ്, പ്രവചനാത്മക വിശകലനം (Predictive Analysis), ഡാറ്റ മാനേജ്മെന്റ് തുടങ്ങിയ സാങ്കേതിക വിദ്യകളിൽ നിക്ഷേപം അത്യാവശ്യമാണെന്ന് അദ്ദേഹം വിശദീകരിച്ചു. കെ-സ്യൂട്ട് (K-Suite), ക്യൂ- ഫീൽഡ് (Q-Field) എന്നിവ ഉൾപ്പെടെ ഐകെഎം വികസിപ്പിച്ച ആപ്ലിക്കേഷനുകൾ അദ്ദേഹം പ്രദർശിപ്പിച്ചു. കെ-സ്മാർട്ട് പദ്ധതിയുടെ അവലോകനവും അവതരിപ്പിച്ചു. കൂടുതൽ ഫലപ്രദവും പൗരകേന്ദ്രിതവുമായ ഭരണത്തിലേക്കുള്ള വലിയ ചുവടുവയ്പാണ് കെ-സ്മാർട്ട്. അതിലൂടെ വേഗത്തിൽ സേവനങ്ങൾ ലഭ്യമാക്കാനും കൂടുതൽ നിഷ്പക്ഷമായി ഉത്തരവാദിത്വത്തോടെ യഥാസമയം തീരുമാനങ്ങൾ എടുക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുമെന്ന് അദ്ദേഹം പറഞ്ഞു.

ഹരിയാന സ്പേസ് ആപ്ലിക്കേഷൻസ് സെന്റർ (HARSAC) ഡയറക്ടറും ഗുരുഗ്രാം മെട്രോപൊളിറ്റൻ ഡെവലപ്മെന്റ് അതോറിറ്റി മുൻ ചീഫ് പ്രോജക്ട് ഓഫീസറുമായ ഡോ. സുൽത്താൻ സിംഗ് ഹരിയാനയിലെ ജിയോ-എനേബിൾഡ് ഭരണ മാതൃക അവതരിപ്പിച്ചു. HARSAC 80 ൽ അധികം വകുപ്പുകളെ ഉൾക്കൊള്ളുന്ന കേന്ദ്ര ജിഐഎസ് (GIS) അടിസ്ഥാന സൗകര്യം സ്ഥാപിച്ചതും അതിലൂടെ ഡാറ്റ മാനേജ്മെന്റും ഭൗമാവകാശ സേവനങ്ങളും ഏകീകരിച്ചതും അദ്ദേഹം വിശദീകരിച്ചു. ചെയ്ഞ്ച് ഡിറ്റക്ഷൻ ഡാഷ്ബോർഡുകൾ, അഡ്വാൻസ്ഡ് അനലിറ്റിക്സ് തുടങ്ങിയ ആപ്ലിക്കേഷനുകളും അദ്ദേഹം അവതരിപ്പിച്ചു.

സെന്റർ ഫോർ ഇൻഫർമേഷൻ ടെക്നോളജി റിസർച്ച് & ഓട്ടമേഷൻ (CITRA) ചെയർമാൻ പ്രൊഫ. എസ്.ഡി. മധുകുമാർ ഗവേഷണം, നിർമ്മിത ബുദ്ധി എന്നിവയ്ക്ക് നഗരഭരണത്തിലുള്ള പ്രാധാന്യം വിശദീകരിച്ചു. SARATHI (AI-enabled യാത്രാ സഹായം), SAMUDRA (ദുരന്ത പ്രതിരോധവും സ്മാർട്ട് മൊബിലിറ്റിയും ഉൾക്കൊള്ളുന്ന പ്ലാറ്റ്ഫോം), NIVAHIKA (ഇന്റർ-ഡിപ്പാർട്ട്മെന്റൽ ആക്ടിവിറ്റി റിപ്പോർട്ടിംഗ് പോർട്ടൽ) തുടങ്ങിയ പുതുമയാർന്ന ഡിജിറ്റൽ സംവിധാനങ്ങൾ അദ്ദേഹം അവതരിപ്പിച്ചു.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അർബൻ അഫയേഴ്സ് (NIUA) സീനിയർ അർബൻ ഡെവലപ്മെന്റ് സ്പെഷ്യലിസ്റ്റ് രമൺകുമാർ സിംഗ് ദേശീയതലത്തിലെ അനുഭവങ്ങൾ പങ്കുവെച്ചു. നാഷണൽ അർബൻ ഡിജിറ്റൽ മിഷൻ (NUDM), കൊച്ചി അർബൻ ഒബ്സർവേറ്ററി, ഹരിതഭൂമി മാനേജ്മെന്റിനുള്ള ആപ്ലിക്കേഷനുകൾ, DigiPIN ഇക്കോസിസ്റ്റം (ഡിജിറ്റൽ അഡ്രസ്സ് സംവിധാനം) എന്നിവ മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന പിന്തുണ അദ്ദേഹം വിശദീകരിച്ചു.

യുകെയിലെ ഗ്ലാസ്ഗോ സർവകലാശാല അർബൻ ബിഗ് ഡാറ്റാ സെന്റർ ഡയറക്ടർ പ്രൊഫ. ജോവോ പോർട്ടോ ഡി അൽബുക്കർക്ക് ഇതു സംബന്ധിച്ച ലോക കാഴ്ചപ്പാട് അവതരിപ്പിച്ചു. നഗരങ്ങളിലെ അസമത്വങ്ങൾ കുറയ്ക്കാൻ നിർമ്മിത ബുദ്ധിയും പങ്കാളിത്ത വിശകലനവും ബന്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം ചൂണ്ടിക്കാട്ടി. എർത്ത് ഒബ്സർവേഷൻ ഡാറ്റ, എ.ഐ മോഡലുകൾ എന്നിവ സംയോജിപ്പിച്ച് നഗരപദ്ധതിയിൽ പ്രയോഗിക്കാനുള്ള സാധ്യതകൾ അദ്ദേഹം വിശദീകരിച്ചു. അതിലൂടെ സമൂഹ പങ്കാളിത്തവും നഗര പ്രതിരോധ ശേഷിയും വർദ്ധിപ്പിക്കാമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ഒറ്റപ്പെട്ട ടൂളുകളോ സോഫ്റ്റ്‌വെയറുകളോ വികസിപ്പിക്കുന്നതിലോ ഉപയോഗിക്കുന്നതിലോ അല്ല, ജിയോസ്പേഷ്യൽ സാങ്കേതിക വിദ്യകൾ, നിമ്മിത ബുദ്ധി, പൗരകേന്ദ്രിത പ്ലാറ്റ്ഫോമുകൾ എന്നിവ ഏകീകരിക്കുന്ന സമഗ്രമായ ഇക്കോസിസ്റ്റം സൃഷ്ടിക്കുന്നതിലാണ് ഡിജിറ്റൽ ഭരണത്തിന്റെ ഭാവി.

**ജിഐഎസ്, പ്രവചനാത്മക വിശകലനം ഡാറ്റ മാനേജ്മെന്റ് തുടങ്ങിയ സാങ്കേതിക വിദ്യകളിൽ നിക്ഷേപം അത്യാവശ്യമാണ്**

# 8

## സംസ്ഥാന മിഷനുകളും പദ്ധതികളും – നഗര അടിസ്ഥാന സൗകര്യ വികസനത്തിന് ധനസമാഹരണം

വനിതാ ശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ശർമിള മേരി ജോസഫ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന കേന്ദ്ര-സംസ്ഥാന പദ്ധതികൾ അധ്യക്ഷ പ്രസംഗത്തിൽ വിശദീകരിച്ചു. നഗരങ്ങളെ വളർച്ചയുടെ എഞ്ചിനുകളാക്കി ആരോഗ്യകരമായ വാസസ്ഥലങ്ങൾ ഒരുക്കുന്നതിന് മിഷൻ മാതൃകയിലുള്ള പദ്ധതികളുടെ പ്രാധാന്യം ചൂണ്ടിക്കാട്ടി. കേരളത്തിലെ നഗര-ഗ്രാമ മിശ്രണത്തിന്റെ പ്രത്യേക സ്വഭാവം കണക്കിലെടുത്ത്, അടിസ്ഥാന സൗകര്യ നിക്ഷേപങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ഡോ. ശർമിള മേരി ജോസഫ് ഓർമ്മിപ്പിച്ചു. സമഗ്രമായ മാസ്റ്റർ പ്ലാൻ വഴിയാണ് നഗരങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള സ്ഥലം ഉറപ്പാക്കേണ്ടത്. ഗതാഗതവും ചേരി പുനരധിവാസവും സംബന്ധിച്ച വിജയകരമായ പി.പി.പി (PPP) മാതൃകകൾ അവർ പരാമർശിച്ചു.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ (IIPA) പ്രൊഫസർ വി. എൻ. അലോക് കേരളം നേരിടുന്ന സാമ്പത്തിക വെല്ലുവിളികൾ ചൂണ്ടിക്കാട്ടി. കേന്ദ്ര സഹായങ്ങൾ കുറയുന്ന സാഹചര്യത്തിൽ, പ്രാദേശിക സ്ഥാപനങ്ങളുടെ സ്വന്തം വരുമാന സ്രോതസുകൾ ശക്തിപ്പെടുത്തണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ ഏകീകരണം അനിവാര്യമാണ്. തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി ജഹാംഗീർ എസ് 15-ാം ധനകാര്യ കമ്മീഷൻ വ്യവസ്ഥ ചെയ്യുന്ന പ്രകടന അടിസ്ഥാനത്തിലുള്ള പ്രോത്സാഹനങ്ങളിലെ പ്രായോഗിക ബുദ്ധിമുട്ടുകളും, മുനിസിപ്പൽ ബോണ്ടുകളും ഗ്രീൻ ഫണ്ടുകളും പോലുള്ള ധനസമാഹരണ മാർഗങ്ങൾ പ്രയോജനപ്പെടുത്തുന്നതിലെ പരിമിതികളും ചൂണ്ടിക്കാട്ടി. പദ്ധതികൾ മിഷൻ മാതൃകയിൽ നടപ്പാക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സർക്കാർ സഹായങ്ങളെ മാത്രം ആശ്രയിക്കാതെ, സ്വന്തം വരുമാന ഉറവിടങ്ങൾ ശക്തിപ്പെടുത്തി സാമ്പത്തിക സ്വയംപര്യാപ്തത നേടണമെന്ന് സെഷൻ ഏകകണ്ഠമായി വിലയിരുത്തി.

# മാലിന്യത്തിനെതിരെ വാട്സാപ്പ് ഒരു വർഷം പൂർത്തിയാക്കി

മാലിന്യനിർമാർജ്ജന ശ്രമങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് ആരംഭിച്ച വാട്സാപ്പ് നമ്പർ (9446700800) ഒരു വർഷം പൂർത്തിയാക്കി. മാലിന്യം വലിച്ചെറിയൽ, തുറസ്സായ സ്ഥലങ്ങളിൽ കത്തിക്കൽ, മലിനജലം സംസ്ക്കരിക്കാതെ ഒഴുക്കി വിടൽ, ജലാശയങ്ങൾ മലിനമാക്കൽ മുതലായ നിയമലംഘനങ്ങൾ പൊതുജനങ്ങൾക്ക് സർക്കാരിനെ എളുപ്പത്തിൽ അറിയിക്കാനുള്ള മാർഗമാണ് ഈ വാട്ട്സാപ്പ് നമ്പർ. മാലിന്യമുക്ത നവകേരളം പദ്ധതിയുടെ ഭാഗമായാണ് ഈ സംരംഭം ആരംഭിച്ചത്.

ഒരു വർഷക്കാലം ആകെ 12,265 വാട്സാപ് പരാതികൾ ലഭിച്ചു. ഇവയിൽ വ്യക്തമായ തെളിവുകൾ അടങ്ങിയ 7,912 പരാതികളിൽ 7,362 എണ്ണത്തിൽ നടപടികൾ പൂർത്തിയാക്കി. ശേഷിച്ചവയിൽ അന്വേഷണം നടക്കുകയാണ്. ഫോട്ടോ /വീഡിയോ, സ്ഥലം, സമയം തുടങ്ങിയ വിശദാംശങ്ങൾ സഹിതം ലഭിച്ച പരാതികളിലാണ് നടപടി സ്വീകരിച്ചത്. ഈ പരാതികളുടെ അടിസ്ഥാനത്തിൽ മാത്രം 61.47 ലക്ഷം രൂപ പിഴ ഈടാക്കി. കൃത്യമായ വിവരങ്ങൾ നൽകിയ പൗരന്മാർക്ക് 1.29 ലക്ഷം രൂപ പാരിതോഷികമായി നൽകി. 63 കേസുകളിൽ പ്രോസിക്യൂഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ആകെ 11.01 കോടി രൂപയാണ് മാലിന്യ പരിപാലന നിയമലംഘനങ്ങൾക്ക് സംസ്ഥാനത്ത് കഴിഞ്ഞ വർഷം പിഴ ചുമത്തിയത്. ഇതിൽ 5.58 ശതമാനം വാട്സ്ആപ് പരാതികൾ മുഖേനയാണ് കണ്ടെത്തിയത്. നിയമലംഘനങ്ങൾ ചൂണ്ടിക്കാണിക്കുന്നവർക്ക് ആദ്യഘട്ടത്തിൽ 2,500 വരെയാണ് പാരിതോഷികം നൽകിയിരുന്നത്. പിന്നീട് പരിധി ഒഴിവാക്കി, ചുമത്തുന്ന പിഴയുടെ 25 ശതമാനമായി പാരിതോഷികം ഉയർത്തി. ഗുരുതര നിയമ ലംഘനങ്ങൾ റിപ്പോർട്ട് ചെയ്താൽ ലഭിക്കുന്ന പാരിതോഷികവും വലുതായിരിക്കും.

ഏറ്റവും കൂടുതൽ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്തത് തിരുവനന്തപുരം (2,100), എറണാകുളം (2,028) ജില്ലകളിലാണ്. ഏറ്റവും കുറവ് പരാതികൾ വന്നത് വയനാട് (155) ജില്ലയിൽ നിന്നും.

5,000 മുതൽ 50,000 രൂപ വരെ പിഴയോ ഒരു വർഷം വരെ തടവോ ശിക്ഷ ലഭിക്കാവുന്ന നിയമലംഘനങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നതിൽ ഏറെയും. തെളിവുള്ള 84%ത്തിലേറെ പരാതികളിൽ നടപടികൾ സ്വീകരിച്ചു. മാലിന്യ പ്രശ്നങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവന്നതിലൂടെ മാലിന്യക്കൂനകൾ വൃത്തിയാക്കുന്നതിനും പിഴ ചുമത്തുന്നതിനുമുള്ള നടപടികൾക്ക് വാട്ട്സാപ് പരാതികൾ സഹായകമായി.





# അമൃത് മിഷന് ഇ–ഗവണൻസ് സിൽവർ അവാർഡ്

കേന്ദ്ര സർക്കാരിന്റെ 2025 ലെ ദേശീയ ഇ-ഗവേണൻസ് സിൽവർ അവാർഡ് കേരളത്തിലെ അമൃത് മിഷൻ സ്വന്തമാക്കി. അമൃത് പ്രോജക്ടുകളുടെ ഓൺ ലൈൻ നിരീക്ഷണത്തിനും, ജലഗുണ നിലവാര പരിശോധനയ്ക്കും വേണ്ടിയുള്ള പ്രോജക്ട് മോണിറ്ററിങ് ആൻഡ് വാട്ടർ ക്വാളിറ്റി മോണിറ്ററിങ് സിസ്റ്റത്തിനാണ് പുരസ്കാരം ലഭിച്ചത്. അമൃത് മിഷൻ പ്രവർത്തനങ്ങൾ രാജ്യത്ത് ഏറ്റവും മികച്ച രീതിയിൽ നടപ്പിലാക്കുന്നതിനുള്ള അംഗീകാരം കൂടിയാണ് ഈ പുരസ്കാരം.

വിശാഖപട്ടണത്തു  നടന്ന ദേശീയ ഇ-ഗവേണൻസ് സമ്മേളനത്തിൽ കേന്ദ്ര സഹമന്ത്രി ഡോ. ജിതേന്ദ്ര സിംഗിൽ നിന്ന് അമൃത് കേരള മിഷൻ ഡയറക്ടർ സൂരജ് ഷാജി പുരസ്കാരം ഏറ്റുവാങ്ങി.

2,768 കോടി രൂപയുടെ പ്രവർത്തനങ്ങളാണ് അമൃത് 1,2 പദ്ധതികളിലായി കേരളം പൂർത്തിയാക്കിയത്. ജലവിതരണ പദ്ധതികൾക്കായി 1,848 കോടി രൂപ യും മലിനജല സംസ്കരണത്തിന് 359 കോടിയും ചെലവഴിച്ചു. ബാക്കി പദ്ധതികൾ പുരോഗമിക്കുകയാണ്. 5,872 കോടിയുടെ അമൃത് പദ്ധതികളിൽ 3,337 കോടി സംസ്ഥാന സർക്കാരിന്റെയും നഗരസഭയുടെയും വിഹിതവും 2,535 കോടി രൂപ കേന്ദ്രവിഹിതവുമാണ്.

# കുടുംബശ്രീ കോളേജുകളിൽ ഓക്സിലറി ഗ്രൂപ്പുകൾ രൂപീകരിക്കുന്നു

കോളേജുകളിൽ യുവതികളുടെ കൂട്ടായ്മയായ കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പുകൾ ആരംഭിക്കുന്നു. 18 മുതൽ 40 വയസ്സുവരെ പ്രായമുള്ള പത്തു മുതൽ 20 വരെ യുവതികൾ ഉൾപ്പെട്ടതാണ് ഒരു ഗ്രൂപ്പ്.. സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ നേരിടുന്ന വിദ്യാർഥിനികൾക്ക് പ്രാധാന്യം നൽകിയാകും ഗ്രൂപ്പുകൾ രൂപീകരിക്കുക. ട്രാൻസ്ജെൻഡർ വനിതകൾക്കും അംഗങ്ങളാകാം. സാമൂഹിക ശാക്തീകരണത്തിനും പഠനത്തോടൊപ്പം ജോലിയും വരുമാനവും നേടുന്നതിനും വിദ്യാർത്ഥിനി സമൂഹത്തെ സഹായിക്കുന്നതാണ് കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പുകൾ.

കുടുംബശ്രീ പ്രവർത്തനങ്ങളിൽ വിദ്യാർഥിനികളുടെ നൂതന ആശയങ്ങളും കഴിവുകളും പ്രയോജനപ്പെടുത്തുക, വരുമാനം കണ്ടെത്താനും അതിലൂടെ കേരള സമ്പദ്ഘടന പരിപോഷിപ്പിക്കാനും പുതുതലമുറയെ പ്രാപ്തമാക്കുക, നൂതന തൊഴിൽ സാധ്യതകൾ മനസ്സിലാക്കാനും പ്രയോജനപ്പെടുത്താനും യുവതികൾക്ക് പിന്തുണ നൽകുക, പുതിയ കാലത്തെ തൊഴിൽ സംസ്കാരം, സാമൂഹ്യ പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുക, വിദ്യാർഥിനികളുടെ മാനസികാരോഗ്യം സംരക്ഷിക്കുക, സാമൂഹിക ഇടപെടൽശേഷിയും സർഗാത്മക കഴിവുകളും പ്രോത്സാഹിപ്പിച്ച് വേദി നൽകുക തുടങ്ങിയവയാണ് ലക്ഷ്യങ്ങൾ. കരിയർ ഗൈഡൻസ് കൗൺസലിങ് സർഗാത്മക പ്രവർത്തനം തുടങ്ങിയ വിവിധങ്ങളായ പ്രവർത്തനങ്ങൾ ഓക്സിലറി ഗ്രൂപ്പുകൾ ഏറ്റെടുക്കും.

ആദ്യഘട്ടമായി ജില്ലയിൽ ഒന്നു വീതം സംസ്ഥാനത്തെ പതിനാല് കോളേജുകളിലാണ് ഗ്രൂപ്പുകൾ ആരംഭിക്കുന്നത്. 20 പേരടങ്ങിയ ഒന്നിലേറെ ഗ്രൂപ്പുകൾ ഓരോ കോളേജിലുമുണ്ടാകും. കോളേജ് ഗ്രൂപ്പ് അംഗത്വത്തിന് പുറമെ നാട്ടിലെ ഗ്രൂപ്പിലും അംഗമാകാം. കോളേജ് പഠനശേഷം നാട്ടിലെ ഓക്സിലറി ഗ്രൂപ്പിൽ തുടരാം.

ആദ്യഘട്ടം വിജയമായാൽ എല്ലാ കോളേജുകളിലേക്കും പദ്ധതി വ്യാപിപ്പിക്കും. നിലവിൽ ഒരു കുടുംബത്തിൽ നിന്ന് ഒരാൾക്കു മാത്രമേ കുടുംബശ്രീ അയൽക്കൂട്ടം അംഗമാകാൻ കഴിയൂ. യുവതികളെ കുടുംബശ്രീയുടെ ഭാഗമാക്കാൻ 2021 ലാണ് ഓക്സിലറി ഗ്രൂപ്പുകൾ ആരംഭിച്ചത്. നിലവിൽ സംസ്ഥാനത്ത് 19000 ൽ അധികം ഗ്രൂപ്പുകളുണ്ട്.

തിരുവനന്തപുരം ജില്ലയിൽ ഗവ. വനിതാ കോളേജ് കൊല്ലം ജില്ലയിൽ എസ്.എൻ വനിതാ കോളേജ് പത്തനംതിട്ട ജില്ലയിൽ കാതോലിക്കറ്റ് കോളേജ് എന്നിവിടങ്ങളിൽ ആദ്യഘട്ടത്തിൽ ഓക്സിലറി ഗ്രൂപ്പുകൾ രൂപീകരിക്കും. ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ സനാതന ധർമ കോളേജ് കോട്ടയം ഗവ. കോളേജ് കട്ടപ്പന ഗവ. കോളേജ് എറണാകുളം മഹാരാജാസ് കോളേജ് എന്നിവിടങ്ങളിൽ ഗ്രൂപ്പുകൾ നിലവിൽ വരും. തൃശൂർ വിമല കോളേജ് പാലക്കാട് മേഴ്സി കോളേജ് കോഴിക്കോട് ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജ് എന്നിവിടങ്ങളിലും ആദ്യഘട്ടത്തിൽ ഗ്രൂപ്പുകൾ ആരംഭിക്കും. മലപ്പുറം ജില്ലയിൽ തിരൂരങ്ങാടി പിഎസ്എംഒ കോളേജ് വയനാട് ജല്ലയിൽ മാനന്തവാടി ഗവ. കോളേജ് കണ്ണൂർ ജില്ലയിൽ ധർമടം ഗവ.ബ്രണ്ണൻ കോളേജ് എന്നിവിടങ്ങളിലും കാസർകോട് ജില്ലയിൽ രാജപുരം സെന്റ് പയസ് ടെൻത് കോളേജിലുമാണ് ഈ ഘട്ടത്തിൽ കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പുകൾ രൂപീകരിക്കുക.



ഓക്സല്ലോ 2025
ഓക്സിലറി ഗ്രൂപ്പ് രൂപീകരണ / പുനരുജ്ജീവന ക്യാമ്പയിൻ
കുടുംബശ്രീ
കേരള സർക്കാർ
കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പ്-
നവകേരളത്തിന്റെ
യുവശക്തി
മൈക്രോ ലെവൽ മാപ്പിങ്
18 മുതൽ 40 വയസ്സ് വരെ പ്രായമുള്ള യുവതികളുടെ വിവര ശേഖരണം.
സെപ്റ്റംബർ 21 മുതൽ 25 വരെ
KUDUMBASHREEPR
www.kudumbashree.org
FOLLOW US




# കൊച്ചിയിൽ ഫ്ളാറ്റ് സമുച്ചയം നാടിന് സമർപ്പിച്ചു.

കൊച്ചി കോർപ്പറേഷൻ സ്മാർട്ട് സിറ്റി ലിമിറ്റഡുമായി ചേർന്ന് തുരുത്തിയിൽ നിർമിച്ച ഇരട്ട ഫ്ളാറ്റുകൾ മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിച്ചു. 394 നിർധന കുടുംബങ്ങൾക്കാണ് ഫ്ളാറ്റിൽ താമസ സൗകര്യം ഒരുക്കിയത്. ഭൂമിയില്ലാത്തവരും വീടില്ലാത്തവരുമായ കുടുംബങ്ങളെ കണ്ടെത്തി അവർക്കായാണ് ഫ്ളാറ്റുകൾ നിർമിച്ചത്.

11 നിലകളിലായി നിർമ്മിച്ചിട്ടുള്ള ഒന്നാമത്തെ ടവറിൽ 300 ചതുരശ്ര അടി വീതമുള്ള 199 യൂണിറ്റുകളാണ് ഉള്ളത്. 13 നിലകളിലായി നിർമ്മിച്ച രണ്ടാമത്തെ ടവറിൽ 195 അപ്പാർട്ട്മെന്റുകളുണ്ട്. ഓരോ അപാർട്ട്മെന്റിലും ഡൈനിംഗ് / ലിവിംഗ് ഏരിയ, ഒരു കിടപ്പുമുറി , അടുക്കള, ബാൽക്കണി, 2 ടോയിലറ്റുകൾ എന്നിവയുണ്ട്. കോമൺ ഏരിയ, പാർക്കിങ്ങ് സ്ലോട്ടുകൾ, കടമുറികൾ, 105 കെഎൽഡി കപ്പാസിറ്റിയുള്ള സീവേജ് ട്രീറ്റ്മെൻറ് പ്ലാൻറ്, അങ്കണവാടി, ലിഫ്റ്റ് സംവിധാനങ്ങൾ തുടങ്ങിയ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.




Marry Click Done
ഓൺലൈൻ വിവാഹ രജിസ്ട്രേഷൻ
K smart
കേരളം വഴികാട്ടുന്നുവെന്ന് ദേശീയ മാധ്യമങ്ങൾ
THE ECONOMIC TIMES
Marriage registration through video KYC an instant hit in Kerala; A boon to NRKs
The Tribune
Online marriage registration through video KYC a hit in Kerala
Digital system proves a boon for Non-resident Keralites
Marry, click, done: Kerala's digital marriage registration is a 'saviour' for NRK couples
News Desk
28 September 2025, 09:44 AM IST
Business Standard
Marriage registration goes digital in Kerala: Here's how video KYC works
Kerala's new video KYC system lets couples register their marriages online quickly and easily. Here's a simple guide to complete the process from anywhere.
Business Standard
Kerala's video KYC marriage registration gains popularity, aiding NRKs
Launched across urban local bodies in the January last year, it has been extended to from this April, ensuring universal access
THE WEEK
Marriage registration through video KYC an instant hit in Kerala A boon to NRK
GNT
Marriage Registration Through Video KYC: घर बैठे कर सकते हैं शादी का रजिस्ट्रेशन... इस राज्य ने शुरू की डिजिटल सर्विस... जानिए
Hindustan Times
Video KYC marriage registration gains popularity in Kerala, a relief for Non-Resident Keralites
PTI
Updated on: Sept 28, 2025 09:32 am IST
IN FOCUS
Kerala's Digital Revolution: Marriages Are Just a Click Away!
M.B Rajesh
MINISTER FOR LSGD&EXCISE& PARLIAMENTARY AFFAIRS

THADDESAKAM (MONTHLY) SEPTEMBER 2025
₹30 Annual Subscription ₹300, Published on September 2025

RNI. No: KERML/2023/89208
Press Registrar General of India Dated
16/10/2024




Printed & published and Owned by Geromic George I A S, Principal Director, Directorate of Local Self Government Department of Kerala, Printed at Gramalekshmi Mudralayam, Kalliyoor, Thiruvananthapuram
Published from Principal Directorate, Swaraj Bhavan, Nandancode, Kowdiar P.O., Thiruvananthapuram, Kerala 695 003,
Editor: Deepa K.